

# പേരാമ്പ്ര വെസ്റ്റ് എ.യു.പി. സ്കൂൾ

തണ്ടോറപാറ പി.ഒ.

കൂത്താളി ഗ്രാമപഞ്ചായത്ത്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷൻ 25

# പേരാമ്പ്ര വെസ്റ്റ് എ.യു.പി. സ്കൂൾ

തണ്ടോറപാറ പി.ഒ.

കൂത്താളി ഗ്രാമപഞ്ചായത്ത്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷൻ 25

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

## ഉള്ളടക്കം


- ആമുഖവും ലക്ഷ്യവും
- വിദ്യാലയ ചരിത്രം
- ഭൗതികാന്തരീക്ഷം
- കുട്ടികളുടെ സാമൂഹിക - സാമ്പത്തിക പശ്ചാത്തലം
- അധ്യാപകരും ചുമതലകളും
- സാമൂഹിക ഘടകങ്ങൾ
- അക്കാദമിക മികവുകൾ ഒറ്റനോട്ടത്തിൽ
- അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26
- ക്ലബുകൾ ചുമതലകൾ
- പാർശ്വവൽക്കരിക്കപ്പെടുന്നവരും ഭിന്നശേഷിയും
- വിഷയാധിഷ്ഠിത സമീപനങ്ങൾ - പ്രവർത്തന പദ്ധതികൾ യു.പി. വിഭാഗം
    - മലയാളം
    - ഇംഗ്ലീഷ്
    - സോഷ്യൽ സയൻസ്
    - ഗണിതം
    - അടിസ്ഥാന ശാസ്ത്രം
    - ആരോഗ്യ കായിക വിദ്യാഭ്യാസം
    - ഹിന്ദി
    - സംസ്കൃതം
    - ഉറുദു
    - അറബിക് യു.പി.
    - കലാ വിദ്യാഭ്യാസവും തൊഴിൽ ഉദ്ഗ്രഥിതവും
- വിഷയാധിഷ്ഠിത സമീപനങ്ങൾ പ്രവർത്തനങ്ങളും പദ്ധതികളും എൽ.പി. വിഭാഗം
    - ഒന്നാം തരം
    - രണ്ടാം തരം
    - മൂന്നാം തരം
    - നാലാം തരം
    - അറബിക് എൽ.പി.
- ഉപസംഹാരം

# പേരാമ്പ്ര വെസ്റ്റ് എ.യു.പി. സ്കൂൾ
# അക്കാദമിക മാസ്റ്റർ പ്ലാൻ 2025
## ആമുഖം

നാടിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ് വിദ്യാഭ്യാസം. രാജ്യപുരോഗതിയുടെ വിരൽചൂണ്ടലായ് വിദ്യാഭ്യാസം മാറണം. കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് വിദ്യാലയങ്ങളും കാലോചിതമായ മാറ്റങ്ങൾ പ്രകടമാക്കേണ്ടതുണ്ട്. മതനിരപേക്ഷ വിദ്യാഭ്യാസ ആശയങ്ങളിൽ അധിഷ്ഠിതമായ ഒരു കാഴ്ചപ്പാടോടെ നമ്മുടെ സർക്കാർ വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിരിക്കുന്നു. ഇതിന്റെ രണ്ടാംഘട്ടം എന്ന നിലയിലാണ് അക്കാദമിക മികവിനായി നാം ഒരുങ്ങുന്നത്.

2025 – 26 വർഷം അക്കാദമിക രംഗത്ത് ഗുണപരമായ നേട്ടങ്ങൾ കൊയ്തെടുക്കാൻ പ്രാപ്തമായ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായാണ് നമ്മുടെ സർക്കാർ മുന്നോട്ട് പോകുന്നത്. അനുദിനം മാറുന്ന നമ്മുടെ സമൂഹം ഒരു വിജ്ഞാന സമൂഹമായി മാറിക്കൊണ്ടിരിക്കുന്നു. ഈ മുന്നേറ്റത്തിൽ നമ്മുടേതായ പങ്ക് നിർവ്വഹിക്കാനും പ്രതിസന്ധികളെ മറികടന്നുകൊണ്ട് മികച്ച അക്കാദമിക നിലവാരത്തിലേക്ക് ഉയരാൻ സാധ്യമാകുന്ന സമഗ്രമായ ഒരു അക്കാദമിക മാസ്റ്റർപ്ലാൻ ആണ് വിഭാവനം ചെയ്യുന്നത്.

## ലക്ഷ്യങ്ങൾ

- ☐ മാതൃഭാഷ പഠനം കാര്യക്ഷമമാക്കുക.
- ☐ ഇംഗ്ലീഷ്, ഹിന്ദി, ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കുക.
- ☐ വിദ്യാലയത്തെ വിജ്ഞാന സമൂഹത്തിന്റെ കേന്ദ്രമാക്കി മാറ്റുക.
- ☐ കുട്ടികളുടെ സർവ്വതോന്മുഖമായ വികാസങ്ങൾ കൈവരിക്കുക.
- ☐ മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ കൈവരിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക.
- ☐ പാർശ്വവത്കരിക്കപ്പെടുന്ന വിദ്യാർത്ഥികളുടെ പഠനമികവ് ഉറപ്പുവരുത്തുക.
- ☐ ശാസ്ത്രചിന്തയിലും യുക്തിചിന്തയിലും അധിഷ്ഠിതമായ ചിന്താശേഷി കുട്ടിക ളിൽ വളർത്തിയെടുക്കുക.
- ☐ വിദ്യാഭ്യാസം ജീവിതശൈലിയാക്കി മാറ്റുക.
- ☐ പാരിസ്ഥിതിക – സാമൂഹിക അവബോധം വളർത്തുകയും ചുറ്റുപാടുകളെ സസൂക്ഷ്മം നിരീക്ഷിക്കാനും പ്രേരിപ്പിക്കുക.
- ☐ ബഹുസ്വരത സംസ്കാരം വളർത്തുകയും, സ്വത്വചിന്തകളിൽ നിന്നും വിമുക്തമാക്കി മതനിരപേക്ഷ മൂല്യങ്ങൾ വളർത്തിയെടുക്കുക.
- ☐ സ്ത്രീപുരുഷ തുല്യതയും സാമൂഹ്യനീതിയും ഉറപ്പുവരുത്തുക.
- ☐ കുട്ടികളെ ഉത്തമ പൗരൻമാരായി വളർത്തുക.

# ചരിത്രപാതയിലൂടെ

കുറുമ്പ്രനാട് നാട്ടിലെ പയ്യോർമലയാണ് പേരാമ്പ്ര. ചരിത്രം ഉറങ്ങിക്കിടക്കുന്ന കൊത്തിയപാറയുടെ സമീപമുള്ള തണ്ടോറപ്പാറ എന്ന സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഗോശാലക്കൽ തമ്പുരാന്റെ അവിഞ്ഞാട്ടു ജന്മത്തിൽപെട്ട കൂത്താളി പഞ്ചായത്തിലെ പേരാമ്പ്ര വില്ലേജിൽ ആണ് ഈ വിദ്യാലയം. 1942 ൽ പനയുള്ളകണ്ടി എന്ന സ്ഥലത്തു ശ്രീ ചാത്തുകുറുപ്പ് മാസ്റ്റർ ഒരു എഴുത്തു പള്ളിക്കൂടെ തുടങ്ങി. അദ്ദേഹത്തിന് ചക്കിട്ടപാറ റേഷൻ മാനേജർ ആയി ജോലി കിട്ടിയപ്പോൾ അയാളുെ സൗകര്യാർത്ഥം പള്ളിക്കൂടം ചക്കിട്ടപാറയിലേക്ക് മാറ്റി. ഈ സന്ദർഭത്തിൽ തുടർ വിദ്യാഭ്യാസം തുടരാൻ കഴിയാതിരുന്ന ഈ പ്രദേശത്തെ കുട്ടികൾക്ക് വേണ്ടി കല്ലറക്കൽ ശ്രീ ശങ്കരൻ നായർ കണ്ണോത്ത്പറമ്പിൽ ഒരു ഷെഡ് കെട്ടി കുറ്റ്യാടി മൊകേരിയിൽ നിന്ന് ഇവിടെ വന്നു താമസിച്ച ശ്രീ നാരായണൻ അടിയോടിയുടെ നേതൃത്വത്തിൽ ഏകാധ്യാപക വിദ്യാലയം ആരംഭിച്ചു. വിദ്യാലയം തുടങ്ങിയ വർഷം കുട്ടികൾ കുറവായതിനാൽ അംഗീകാരത്തിന് ശുപാർശ നൽകിയില്ല. ശ്രീ ശങ്കരൻ നായർ സമീപപ്രദേശത്തെ വീടുകളിൽ നിന്നും കുട്ടികളെ വിദ്യാലയത്തിൽ എത്തിക്കുകയും സ്വന്തം ചിലവിൽ കഞ്ഞിയും പുഴുക്കും നൽകുകയും ചെയ്തു. ഒരു നേരത്തെ ആഹാരത്തിനുവേണ്ടി അക്കാലത്തു കുട്ടികളിൽ ചിലർ വന്നു തുടങ്ങി.

24-7-1946 സ്കൂളിലേക്കുള്ള കുട്ടികളുടെ പ്രവേശനം ആരംഭിച്ചു. അഡ്മിഷൻ നമ്പർ ഒന്ന് കേളോത്ത് കുഞ്ഞിരാമ കുറുപ്പിന്റെ മകൻ ശ്രീധരൻ ആയിരുന്നു. തുടർന്ന് 64 കുട്ടികൾ സ്കൂളിൽ ചേർന്നു. വിദ്യാർത്ഥികളിൽ 20 പേർ പെൺകുട്ടികളായിരുന്നു. സ്വാതന്ത്ര്യത്തിനു മുമ്പ് ഇത്രയും പെൺകുട്ടികൾ വിദ്യാലയത്തിൽ എത്തിയത് അത്ഭുതകരമായ കാര്യമാണ്. വിവിധ മേഖലകളിൽ സ്തുത്യർഹമായ സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്.

ശ്രീ ശങ്കരൻ നായരുടെ മരണശേഷം വർഷങ്ങൾ കഴിഞ്ഞു സ്ഥലവും സ്കൂളും പാറച്ചോട്ടിൽ നാരായണ മാരാർക്ക് വിറ്റു. തുടർന്ന് കിഴക്കേടത്ത് മാധവ മാരാറെ മാനേജരായി നിയമിച്ചു. 1994 ൽ അദ്ദേഹത്തിന്റെ മരണശേഷം മകളായ ശ്രീമതി പി.സി. പങ്കജം മാനേജരായി തുടരുന്നു.

# ഭൗതികാന്തരീക്ഷം

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ടോയ്‌ലറ്റ് | പെൺകുട്ടികൾ 8<br>ആൺകുട്ടികൾ ആവശ്യത്തിന് | - |
| കുടിവെള്ള സൗകര്യം | കിണർ, ടാങ്ക്, പ്യൂരിഫയർ | - |
| ഓഫീസ് | ഉണ്ട് | |
| ചുറ്റുമതിൽ | ഉണ്ട് (പൂർണ്ണം) | |
| കളിസ്ഥലം | ഭാഗികം | വേണം |
| അടുക്കള | ഉണ്ട് | |
| ഭിന്നശേഷി ടോയ്‌ലറ്റ് | ഉണ്ട് | |
| ഓപ്പൺ എയർ ഓഡിറ്റോറിയം | ഇല്ല | |
| പ്രീ പ്രൈമറി കെട്ടിടം | ഉണ്ട് | മെച്ചപ്പെടുത്തണം |
| ലൈബ്രറി | ഉണ്ട് | മെച്ചപ്പെടുത്തണം |
| സയൻസ് ലാബ് | ഉണ്ട് | മെച്ചപ്പെടുത്തണം |
| ഗണിത ലാബ് | ഇല്ല | ഉണ്ടാവണം |
| സാമൂഹ്യശാസ്ത്ര ലാബ് | ഇല്ല | ഉണ്ടാവണം |
| ലാപ് ടോപ്പ് | 6 | - |
| LCD Projector | 9 | 3 ക്ലാസ് റൂം വേണം |
| ടി.വി. | 2 | - |
| ഇന്റർനെറ്റ് | ഉണ്ട് | - |
| വെബ് സൈറ്റ് | ഇല്ല | വേണം |
| സ്മാർട്ട് ക്ലാസ്സ് റൂം | 7 | വേണം |
| Face Book | ഉണ്ട് | |
| School Wiki | ഉണ്ട് | |
| യു ട്യൂബ് ചാനൽ | ഉണ്ട് | |

## കുട്ടികളുടെ എണ്ണം

| വർഷം | യു.പി. | എൽ.പി. | ആകെ |
|---|---|---|---|
| 2021 - 22 | 146 | 120 | 266 |
| 2022 - 23 | 142 | 122 | 264 |
| 2023 - 24 | 105 | 11 | 216 |
| 2025 - 26 | 118 | 100 | 218 |

## കുട്ടികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം

| ശതമാന കണക്ക് | |
|---|---|
| ST | 0% |
| SC | 13% |
| OBC | 17% |
| OEC Muslim OBC | 58% |
| General | 11% |

## അധ്യാപകരുടെ പ്രവർത്തനങ്ങളും തൊഴിൽ വികാസവും

പേരാമ്പ്ര വെസ്റ്റ് എ.യു.പി. സ്കൂളിൽ ആകെ 17 അധ്യാപകരാണുള്ളത്. എൽ. പി. വിഭാഗത്തിൽ 7ഉം യു.പി. വിഭാഗത്തിൽ 10 ഉം 2025 - 26 ലെ സ്റ്റാഫ് ഫിക്സേഷൻ പ്രകാരം 17 അധ്യാപകരാണ് ഉള്ളത്.

### അധ്യാപകരുടെ സ്ഥിതി വിവരം

| നിയമന സ്വഭാവം | എൽ.പി. | യു.പി. | ഒ.എ. |
|---|---|---|---|
| സ്ഥിരം | 7 | 10 | 1 |

# അധ്യാപകരും ചുമതലകളും

| പേര് | വിഷയം | ചുമതല |
|---|---|---|
| ശ്രീജ എസ്. ചെരിയാല | | ഹെഡ്മിസ്ട്രസ്സ് |
| പി.സി. ദിലീപ് കുമാർ | കായികവിദ്യാഭ്യാസം | സ്റ്റാഫ് സെക്രട്ടറി |
| ഇ.ടി. ശ്രീനിവാസൻ | ഗണിതം | Ist അസിസ്റ്റന്റ് |
| പി.എം. രഘുനാഥ് | സയൻസ് | SRG കൺവീനർ |
| ഷാജി പി. | സോഷ്യൽ സയൻസ് | അധ്യാപകൻ |
| ധനുഷ | ഇംഗ്ലീഷ് | അധ്യാപിക |
| ഷമീമ സി.കെ. | അറബിക് | അധ്യാപകൻ |
| പത്മനാഭ പ്രസാദ് | സംസ്കൃതം | അധ്യാപകൻ |
| ദീപ ജി.എൻ. | ഉറുദു | അധ്യാപിക |
| ഷബീന കെ. | ഒന്നാം ത രം<br>(ഇംഗ്ലീഷ് മീഡിയം) | അധ്യാപിക |
| പ്രജിഷ കെ. | മലയാളം | അധ്യാപിക |
| ജിന കെ. | രണ്ടാംതരം | അധ്യാപിക |
| വിഷ്ണു പ്രസാദ് | നാലാം തരം | അധ്യാപകൻ |
| അതുൽ കൃഷ്ണ | നാലാം തരം | അധ്യാപകൻ |
| ശില്പ കെ. | മൂന്നാം തരം | അധ്യാപിക |
| സൽമത്ത് കെ. | ഒന്നാം തരം | അധ്യാപിക |
| അനുഷ | ഹിന്ദി | അധ്യാപിക |
| പി.എം. മനോഹരൻ | | ഒ.എ. |
| ജാസ്മിന | യു.കെ.ജി ട്രെയിനർ | |
| ഫൗസിയ | എൽ.കെ.ജി. ട്രെയിനർ | |
| ഗീത | പാചക തൊഴിലാളി | |
| ഉഷാറാണി | സ്പെഷ്യൽ എജുക്കേറ്റർ<br>ബി.ആർ.സി. | |

# അക്കാദമിക മികവുകൾ ഒറ്റനോട്ടത്തിൽ 2024

- എൽ.എസ്.എസ്., യു.എസ്.എസ്. മികച്ച വിജയം
- എൽ.എസ്.എസ്. ഉപജില്ലയിലെ ഏറ്റവും ഉയർന്ന സ്കോർ (78/80 Marks Gifted Student 1
- യു.എസ്.എസ്. gifted students 2
- ഉറുദു ധമാക്ക ഫുട്ബോൾ സബ്ജില്ലയിൽ രണ്ടാം സ്ഥാനം
- ഉപജില്ലാ /ബി.ആർ.സി. തല ഫുട്ബോൾ (കരുവണ്ണൂർ) ഒന്നാം സ്ഥാനം
- സബ്ജില്ലയിലെ മികച്ച ഫ്ുടബോൾ കളിക്കാരൻ ഒന്നാം സ്ഥാനം
- ശാസ്ത്രമേളയിൽ സയൻസ് വിഭാഗത്തിൽ 6–ാം സ്ഥാനം
- സബ്ജില്ലാ കലോത്സവം 11–ാം സ്ഥാനം
- അറബി ടാലന്റ് ടെസ്റ്റ് (അൽമാഹിർസ് സ്കോളർഷിപ്പ്)
- ഉറുദു ടാലന്റ് ടെസ്റ്റ് എ ഗ്രേഡ് 1 സംസ്ഥാനതലത്തിൽ
- സബ്ജില്ലയിൽ 6 ബി ഗ്രേഡ്
- ഉറുദു ഒന്നാംഭാഷയായി യു.എസ്.എസ്. സ്കോളർഷിപ്പ് 1
- ഗണിത – സാമൂഹ്യശാസ്ത്രമേളയിൽ മികച്ച പങ്കാളിത്തം
- പ്രവർത്തിപരിചയം – മികച്ച പങ്കാളിത്തം
- ഇംഗ്ലീഷ് സ്കിറ്റ് സബ്ജില്ല രണ്ടാം സ്ഥാനം എ ഗ്രേഡ്
- ഇംഗ്ലീഷ് പ്രസംഗം സബ്ജില്ലയിൽ ഒന്നാം സ്ഥാനം ജില്ലയിൽ എ ഗ്രേഡ്
- ഇംഗ്ലീഷ് പദ്യപാരായണം സബ്ജില്ലയിൽ എ ഗ്രേഡ്
- സബ്ജില്ലാ ശാസ്ത്രമേള സയൻസ് സ്റ്റിൽ മോഡൽ ഒന്നാം സ്ഥാനം എ ഗ്രേഡ്
- സംസ്കൃത കലോത്സവം – മികച്ച പങ്കാളിത്തം
- അറബിക് കലോത്സവം – മികച്ച പങ്കാളിത്തം
- ബാലശാസ്ത്ര കോൺഗ്രസ്സ് – ഉയർന്ന പങ്കാളിത്തം
- പരിസ്ഥിതി സൗഹൃദ ക്ലാസ്സ് മുറികൾ
- ക്ലാസ്സ് മുറികളിൽ ഡിജിറ്റൽ സൗകര്യം
- സ്ത്രീ സൗഹൃദ – ഭിന്നശേഷി സൗഹൃദ ശുചിമുറികൾ
- യു.എസ്.എസ്.– എൽ.എസ്.എസ്. മികച്ച പരിശീലനം
- സ്കൂൾ ലൈബ്രറിയും ശാസ്ത്ര ലാബും
- അധ്യാപക രചനാ മത്സരം – കഥ (ജില്ലയിൽ ഒന്നാം സ്ഥാനം) നാടക രചന (സബ്ജില്ലയിൽ ഒന്നാം സ്ഥാനം)

# സ്കൂൾ - സാമൂഹ്യ ഘടകങ്ങൾ

## സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG)

അക്കാദമിക് പ്രശ്നങ്ങൾ വിശകലനം ചെയ്യാനും പരിഹരിക്കാനും എസ്.ആർ.ജി. യോഗം ചേരുകയും അക്കാദമിക് കാര്യങ്ങളും പ്രശ്നങ്ങളും ചർച്ച ചെയ്തു പരിഹാരം കണ്ടെത്തുന്നു. തൊട്ടടുത്ത ആഴ്ചയിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവ ആസൂത്രണം ചെയ്യുന്നു. വിഷയം സമിതി കൺവീനറുടെ നേതൃത്വത്തിൽ സബ്ജെക്ട് കൗൺസിൽ ചർച്ച ചെയ്ത കാര്യങ്ങളും എസ്.ആർ.ജി.യിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നു. എസ്.എസ്.എ., ഡയറ്റ് എന്നീ ഏജൻസി നിർദ്ദേശങ്ങളും എസ്.ആർ.ജി. പരിഗണനയിൽ വരുന്നു. എസ്.ആർ.ജി. കൺവീനർ ആയി പി.എം. രഘുനാഥ് ചുമതല നിർവ്വഹിച്ചുപോരുന്നു.

## സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് (SSG)

പൂർവ്വാധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, പ്രദേശവാസികൾ, വിദ്യാഭ്യാസ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവർ ഉൾക്കൊള്ളുന്നതാണ് സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്. വിദ്യാലയത്തിന്റെ ഭൗതികവും, അക്കാദമികവുമായ പ്രവർത്തനങ്ങൾക്ക് ഇവർ പൂർണ്ണ പിന്തുണ നൽകുന്നു. പിന്നോക്കക്കാർക്കുള്ള ക്ലാസുകൾ, വിവിധ ക്യാമ്പുകൾ എന്നിവയ്ക്ക് അവാർഡ് സഹായസഹകരണം ലഭ്യമാകുന്നു. ശ്രീ. മോഹനകൃഷ്ണൻ കൺവീനർ ആയി പ്രവർത്തിക്കുന്നു.

## പൂർവ്വ വിദ്യാർത്ഥി സംഘടന

ശക്തമായ പൂർവ്വ വിദ്യാർത്ഥി സംഘടനയാണുള്ളത്. സ്കൂളിന്റെ പഠന - പാഠ്യേതര പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങളും ഉറച്ച പിന്തുണയും നൽകുന്നു. ഭൗതിക - അക്കാദമിക മികവുകളുടെ സമഗ്രതക്ക് ഈ കൂട്ടായ്മ സഹായിക്കുന്നുണ്ട്. ശ്രീ. തണ്ടോറ ഉമ്മർ ചെയർമാനും, പി.സി. ഗോപിനാഥൻ മാസ്റ്റർ കൺവീനറുമായി പ്രവർത്തിക്കുന്നു. 1990 - 2002 ബാച്ചിന്റെ സംഘടനയും നിലവിൽ ഉണ്ട്. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വാധ്യാപകർ, പി.ടി.എ., എസ്.എസ്.ജി. തുടങ്ങിയവയുടെ സാധ്യതകൾ ഫലപ്രദമായി ഇനിയും പ്രയോജനപ്പെടേണ്ടതുണ്ട്. കലാ-കായിക പ്രവർത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളെ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ - വിഷൻ 2025

- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനുമുള്ള തുല്യ അവസരങ്ങൾ ഉണ്ടാക്കും.
- വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്നതലത്തിലേക്ക് എത്തിക്കാനും പരിമിതകൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കും.
- മത്സരാധിഷ്ഠത ലോകത്തിൽ അതിജീവനത്തിന് ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതിനോടൊപ്പം മതനിരപേക്ഷത, ജനാധിപത്യ ബോധം സാമൂഹ്യനീതി തുടങ്ങിയ മൂല്യബോധങ്ങൾ ഉളവാക്കാൻ സഹായ കമായ പഠനാന്തരീക്ഷം ഉറപ്പാക്കും.
- മുഴുവൻ ക്ലാസ്സുകളിലും പഠനനിലവാരം അന്താരാഷ്ട്രതലത്തിലേക്ക് ഉയർത്തും.
- പൂർണ്ണമായും ഡിജിറ്റൽ ക്ലാസ്സ് റൂം സ്ഥാപിക്കും.
- ഗ്രീൻ പ്രോട്ടോകോൾ പൂർണ്ണമായും നടപ്പിലാക്കും.
- സാമൂഹ്യ ഇടപെടലിലൂടെ ലഹരിവിമുക്തമായ വിദ്യാലയ പരിസരം.
- ആധുനിക സൗകര്യമുള്ള വായനശാലയും ലബോറട്ടറിയും സ്ഥാപിക്കും.
- കാർഷിക പ്രവർത്തികളിൽ കുട്ടികളെ പങ്കാളികളാക്കും.
- കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കും.
- കുടിവെള്ള സംവിധാനം മെച്ചപ്പെടുത്തും.
- സ്കൂൾ മൈതാനം യാഥാർത്ഥ്യമാക്കും.
- ആരോഗ്യശീലങ്ങൾ വളർത്താൻ കായിക പരിശീലന കളരി.
- എല്ലാ ക്ലാസ്മുറികളിലും ക്ലാസ് റൂം ലൈബ്രറി യാഥാർത്ഥ്യമാക്കും.
- മാലിന്യമുക്ത ക്യാമ്പസ് എന്ന നിലയിലേക്ക് ഉയർത്തും.
- നക്ഷത്ര നിരീക്ഷണത്തിനായി സ്ഥിരം പാർക്കുകൾ ഒരുക്കും.

- കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തി ലൈബ്രറി ആധുനികവത്കരിക്കും.
- നഴ്സറി അധ്യാപനം ശാസ്ത്രീയമായി ചിട്ടപ്പെടുത്തും.
- പി.ടി.എ, എം.പി.ടി.എ., സ്കൂൾ വികസന സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടന, എസ്.എസ്.ജി. കാര്യക്ഷമവും ജനകീയവുമാക്കും.
- ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിക്കും.
- ആധുനിക പ്രസിദ്ധീകരണങ്ങളുടെ എണ്ണം വർദ്ധിപ്പിക്കും.
- കുട്ടികളുടെ കയ്യെഴുത്തു മാസിക പ്രസിദ്ധീകരണങ്ങൾ കാര്യക്ഷമമാക്കും.
- സ്കൗട്ട് – ഗൈഡ്, ജെ.ആർ.സി. പ്രവർത്തനങ്ങൾ ചിട്ടയോടെ നടത്തും.
- ക്ലാസ്സിലെ നിരക്ഷരത, അക്കജ്ഞാന ആർജ്ജിത ശേഷിക്കുറവ് തുടങ്ങിയ പഠന ന്യൂനതകൾ പരിഹരിക്കാൻ പദ്ധതി നടപ്പിലാക്കും.
- ദിനാചരണങ്ങൾ കാലോചിതമായി പരിഷ്കരിച്ചു നടപ്പിലാക്കും.
- പൊതുബോധം വളർത്തുന്ന വിവിധ വിഷയത്തിൽ സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കും.
- ശുചിത്വ പരിശോധന കാര്യക്ഷമമാക്കും.
- ജൈവ അജൈവ മാലിന്യങ്ങൾ പ്രത്യേകം പ്രത്യേകം സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തും.
- മാതൃഭാഷയ്ക്ക് പുറമെ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ ശാസ്ത്രീയ രീതി അവലംബിക്കും.
- ഓരോ കുട്ടിക്കും പഠനത്തിനും വികാസത്തിനും തുല്യമായ അവസരങ്ങൾ നൽകും. മികച്ച പഠനാനുഭവങ്ങൾ നൽകുന്നതിനായി വിദ്യാലയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തും.
- കലാ വിദ്യാഭ്യാസം – തൊഴിൽ വിദ്യാഭ്യാസം ഉദ്ഗ്രഥിത പഠനത്തിലൂടെ സാധ്യമാക്കും.

# ക്ലബുകളും ചുമതലകളും

| ക്ലബുകൾ | ചുമതലകൾ |
|---|---|
| പരിസ്ഥിതി ക്ലബ് | അതുൽ കൃഷ്ണ |
| ശുചിത്വ ആരോഗ്യ ക്ലബ് | ജിന, ശില്പ, സൽമത്ത് |
| വിദ്യാരംഗം കലാസാഹിത്യവേദി | പ്രജിഷ |
| കായിക ക്ലബ് | പി.സി. ദിലീപ് കുമാർ |
| ഇംഗ്ലീഷ് ക്ലബ | ധനുഷ |
| സയൻസ് ക്ലബ് | പി.എം. രഘുനാഥ് |
| സാമുഹ്യശാസ്ത്ര ക്ലബ് | ഷാജി പി. |
| ഗണിത ക്ലബ് | ശ്രീനിവാസൻ ഇ.ടി. |
| ഉറുദു ക്ലബ് | ദീപ ജി.എൻ. |
| അറബി ക്ലബ് - WE കാർഷിക ക്ലബ് | സി.കെ. ഷമീമ |
| മലയാളം ക്ലബ് | പ്രജിഷ |
| ഹിന്ദി ക്ലബ് | അനുഷ |
| ജാഗ്രതാ സമിതി | ദീപ ജി.എൻ. |
| സംസ്കൃതം / ഐ.ടി. ക്ലബ് | പത്മനാഭ പ്രസാദ് |
| കലോത്സവം | വിഷ്ണു പ്രസാദ് |
| ഗൈഡ്സ് | ദീപ ജി.എൻ. |
| പഠന യാത്ര | പത്മനാഭ പ്രസാദ്<br>ദിലീപ് കുമാർ |
| ജെ.ആർ.സി. | സൽമത്ത് |
| ജാഗ്രതാ സമിതി | ദീപ ജി.എൻ. |
| സ്കൂൾ സുരക്ഷ | പി.സി. ദിലീപ് കുമാർ |
| സ്കൗട്ട് | അതുൽ കൃഷ്ണ |

വിവിധ ക്ലബുകളുടെ കീഴിൽ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## പാർശ്വവത്കരിക്കപ്പെടുന്നവരും ഭിന്നശേഷിയും

| പദ്ധതി | വിഭാഗം | സാമ്പത്തികം | ചുമതല | മോണിറ്ററിഗ് |
|---|---|---|---|---|
| അയൽപക്ക പഠനകേന്ദ്രങ്ങൾ (പഠനത്തിൽ പിന്നോക്കം നിൽക്കുന്ന മേഖലകളിൽ പൂർവ്വ വിദ്യാർത്ഥി സാസ്കാരിക സംഘങ്ങൾ കുടുംബശ്രീകൾ (സഹകരണത്തോടെ) | പൊതു വിഭാഗം | Chalange Fund | | പി.ടി.എ., എസ്.എസ്.ജി. പൂർവ്വ വിദ്യാർത്ഥി സംഘടന |
| സ്ഥിരം ജ്യോതിശാസ്ത്ര വേദി | പൊതു വിഭാഗം | 50000 | പി.ടി.എ., മാനേജ്മെന്റ് | പി.ടി.എ., മാനേജ്മെന്റ് |
| അയൽപക്ക ശാക്തീകരണം (അംഗൻവാടികൾ കേന്ദ്രീകരിച്ച് - മാതൃഭാഷ - ശാസ്ത്ര പ്രചാരണം) | പൊതു വിഭാഗം | 10000 | പി.ടി.എ. | പി.ടി.എ. |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി. വിഭാഗം
# വിഷയാധിഷ്ഠിത സമീപനം - വിലയിരുത്തലുകൾ

## മലയാളം

ആമുഖം

പൊതു വിദ്യാഭ്യാസ രംഗത്ത് തെളിഞ്ഞു കാണുന്ന ഉണർവ്വിന്റെ പശ്ചാത്തലത്തിൽ ഇതിനുവേണ്ടി സജ്ജമാകേണ്ടത് അന്തിമമായി ക്ലാസ്മുറികളാണ്. ഇതിനു വിഷയാധിഷ്ഠിതമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള പരിശ്രമങ്ങളാണ് നടന്നുവരുന്നത്.

## മാതൃഭാഷ പഠനം - പ്രശ്നങ്ങൾ

1 മുതൽ 7 വരെ ക്ലാസ്സിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികളും പ്രതീക്ഷിത നേട്ടങ്ങളും ആർജ്ജിക്കാൻ കഴിയുന്നില്ല.

പഠനപ്രവർത്തനത്തിൽ പഠനോപകരണങ്ങൾ ICT സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല.

സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.

## മേഖല മലയാളം ലക്ഷ്യങ്ങൾ

മാതൃഭാഷ എന്ന നിലയിൽ മലയാളത്തെ തിരിച്ചറിയുന്നതിനും അതിനെ സ്നേഹിക്കുന്നതിനുമുള്ള മനോഭാവം വളർത്തുക.

കരിക്കുലം ലക്ഷ്യമിടുന്ന മലയാളഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക. അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതികളുള്ളവരെ മറികടക്കാൻ പിന്തുണക്കുക.

സവിശേഷ വൈഭവമുള്ളവരെ കണ്ടെത്തുകയും പൂർണ്ണതയിലേക്ക് നയിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

ഉച്ചാരണശുദ്ധി ഉറപ്പാക്കുംവിധം ഭാഷാവിനിമയത്തിനുള്ള കഴിവ് എല്ലാവരിലും വികസിപ്പിക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ
# യു.പി. മലയാളം

## പ്രവർത്തന പദ്ധതികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികാസം<br>പദസമ്പത്ത്<br>ആശയം പങ്കുവയ്ക്കൽ | അവധിക്കാലം : അനുഭവങ്ങൾ (വ്യവഹാര രൂപങ്ങൾ കഥ, കവിത, യാത്രാനുഭവങ്ങൾ)<br>ഭാഷാകേളി : അക്ഷരശുദ്ധി വരുത്തുന്നു<br>വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് - വാക്യ നിർമ്മാണം | ജൂൺ മാസം | മലയാളം ടീച്ചർ | 500 |
| അർത്ഥപൂർണ്ണമായ വായന | വാർത്താലോകം : പാഠഭാഗം, പത്രം etc. എന്നിവ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം ടീച്ചർ | 500 |
| | സംഭവങ്ങളെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | 250 |
| പഠിതാക്കളുടെ സർഗ്ഗ ശേഷി വളർത്തൽ | സർഗ്ഗാത്മക രചനകള ഉൾക്കൊള്ളിച്ച് മാഗസിൻ / പതിപ്പുകൾ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം ടീച്ചർ | 500 |

**പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളുടെ ഗൃഹാന്തരീക്ഷം സാമൂഹികാന്തരീക്ഷം പഠനവിധേയമാക്കൽ | ഗൃഹസന്ദർശനം<br>ഗുണാത്മക വിലയിരുത്തൽ ഡയറി | മാർച്ച്, ഏപ്രിൽ മെയ് | ക്ലാസ്സ് ടീച്ചർ ഇംഗ്ലീഷ് ടീച്ചർ | എച്ച്.എം. | 2000 |
| ഇംഗ്ലീഷ് വാക്കുകളും അക്ഷരങ്ങളും തിരിച്ചറിയാൻ കഴിയാത്തവരെ കണ്ടെത്തൽ | പ്രീടെസ്റ്റ് (പഠന വേഗതയുള്ളവർ, ഒട്ടും വേഗതയില്ലാത്തവർ തരംതിരിക്കൽ) | ജൂൺ ആദ്യ വാരം | ക്ലാസ്സ് ടീച്ചർ | എച്ച്.എം. | 1000 |
| ആത്മവിശ്വാസക്കുറവ് പരിഹരിക്കൽ | കൊച്ചുവാചകങ്ങൾ, അക്ഷരങ്ങൾ, വാക്കുകൾ വായിക്കാനുള്ള ഉപകരണങ്ങൾ, സാമഗ്രികൾ എന്നവ ഉപയോഗിച്ചുള്ള പഠനരീതി തയ്യാറാക്കൽ. സ്വതന്ത്ര വിനിയമത്തിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, പ്രോത്സാഹനം നൽകൽ. | ജൂൺ മുതൽ ഡിസംബർ വരെ | എസ്.ആർ.ജി. ക്ലാസ്സ് ടീച്ചർ | എച്ച്.എം. | 4000 |
| ദൈനംദിന പ്രയോഗത്തിനുള്ള ഭാഷ ലഭിക്കത്തക്കതരത്തിൽ ലോക്കൽ ടെക്സ്റ്റുകൾ ലഭ്യമാക്കൽ | ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കേണ്ട വാക്കുകൾ, വാചകങ്ങൾ ലഭ്യമാവുമ്ന ലോക്കൽ ടെസ്റ്റുകൾ കുട്ടികൾക്ക് തയ്യാറാക്കി നൽകൽ. ലോക്കൽ ടെസ്റ്റുകൾ ഉപയോഗിച്ചുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കൽ. | ജൂൺ മുതൽ ആഗസ്ത് വരെ | സ്കൂൾ ടീച്ചേഴ്സ് & ഇംഗ്ലീഷ് ടീച്ചേഴ്സ് | എച്ച്.എം. | 4000 |
| ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കൽ | ഐ.ടി. സാധ്യമായ ക്ലാസ്സുകൾ, പ്രവേശക പ്രവർത്തനങ്ങൾ, സ്കിറ്റ്, സിനിമ, കാർട്ടൂൺ, സ്റ്റോറി ഇവ ക്ലാസ്സിൽ അവതരിപ്പിക്കാനാവശ്യമായ സൗകര്യം | അക്കാദമിക് വർഷം മുഴുവൻ | പി.ടി.എ, എച്ച്.എം. ടീച്ചേഴ്സ് | എ.ഇ.ഒ. | 4000 |
| മുഴുവൻ കുട്ടികൾക്കും ഇടപെടാവുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകൽ | വായനയ്ക്ക് എല്ലാവർക്കും അവസരം നൽകൽ (എല്ലാവരെയും അഡ്രസ്സ് ചെയ്യുന്ന ക്ലാസ്റൂം) ഉറപ്പാക്കൽ, നാടകം, കോറിയോഗ്രാഫി ഇവയിൽ എല്ലാ കുട്ടികളെയും പരിഗണിക്കുന്നു. | അക്കാദമിക് വർഷം മുഴുവൻ | പി.ടി.എ, എച്ച്.എം. ടീച്ചേഴ്സ് | എ.ഇ.ഒ. | 4000 |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| സ്വതന്ത്ര വിനിമയത്തിനുതകുന്ന തരത്തിൽ ഭാഷാ പ്രവർത്തനം ആസൂത്രണം ചെയ്യൽ. ഭാഷാന്തരീക്ഷം ക്ലാസ്സിൽ സൃഷ്ടിക്കൽ | ഇംഗ്ലീഷ് ഡേ<br>അഭിമുഖം<br>ചോദ്യോത്തര പയറ്റ്<br>പോസ്റ്റർ, കാപ്ഷൻ<br>ഇംഗ്ലീഷ് മാത്രം സംസാരിക്കുന്ന ക്ലാസ്സ് | ജൂലൈ<br>മുതൽ മാർച്ച് | ഇംഗ്ലീഷ്<br>ടീച്ചർ | എ.ഇ.ഒ.<br>എച്ച്.എം. | 4000 |
| സ്വതന്ത്ര വിനിമയത്തിന് അവസരം നൽകൽ | ഇംഗ്ലീഷ് ഫെസ്റ്റ്<br>എക്സിബിഷൻ ഇംഗ്ലീഷ് | വർഷത്തിൽ<br>3 തവണ<br>ആഗസ്ത്,<br>ഡിസംബർ,<br>മാർച്ച്, ജൂൺ<br>മുതൽ മാർച്ച്<br>വരെ | ഇംഗ്ലീഷ്<br>ടീച്ചർ | എച്ച്.എം.<br>എസ്.ആർ.<br>ജി. | 5000 |

# ഇംഗ്ലീഷ് ഭാഷാ പഠനം 5, 6, 7
# പ്രശ്നസമീപനവും വിശകലനവും

പഠനത്തിനും ആശയവിനിമയത്തിനും സഹായകമായവിധത്തിൽ ഇംഗ്ലീഷ് ഭാഷാനൈപുണി വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ്. പേരാമ്പ്ര വെസ്റ്റ് എ.യു. പി. സ്കൂൾ പഠനതന്ത്രങ്ങളായി പ്രയോജനപ്പെടുത്തുന്നത്. ക്ലാസ്മുറിയിൽ വ്യത്യസ്ത പഠനനിലവാരകർക്കായി പ്രത്യേക പഠന വിഭവങ്ങൾ ഒരുക്കിയുള്ള അക്കാദമിക പിന്തുണയും പ്രോത്സാഹനവും പദ്ധതിയും ഭാഗമായി നടത്തുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പരിഗണിച്ചുള്ള പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

**പ്രശ്നങ്ങൾ**

- ഇംഗ്ലീഷ് വായന അസാധ്യമായ കുട്ടികൾ
- വാക്കുകളും അക്ഷരങ്ങൾ പോലും തിരിച്ചറിയാൻ കഴിയാത്തവർ
- ഇംഗ്ലീഷിന്റെ കാര്യത്തിലുള്ള ആത്മവിശ്വാസക്കുറവ്
- ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന ഇംഗ്ലീഷ് വാക്കുകൾ ഇംഗ്ലീഷാണെന്ന ബോധമില്ലായ്മ.
- ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കേണ്ട വാക്കുകൾ വാചകങ്ങൾ എന്നിവ ലഭിക്കാത്തത്.
- തുല്യ അവസരങ്ങൾ വിനിയോഗിക്കാൻ കഴിയാത്തത്.
- വ്യക്തിഗത അവസരവും പരിഗണനയും മുഴുവൻ പേർക്കും ലഭിക്കുന്നില്ല.
- പഠനോപകരണങ്ങളുടെ ലഭ്യതക്കുറവ്.
- ഭാഷാശേഷി സ്വതന്ത്രമായി പ്രകടിപ്പിക്കാനുള്ള അവസരങ്ങളുടെ അപര്യാപ്തത.

**പരിഹാരമാർഗ്ഗങ്ങൾ – നിർദ്ദേശങ്ങൾ**

- വളരെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കൊച്ചുവാചകങ്ങൾ, വാക്കുകൾ അക്ഷരങ്ങൾ എന്നിവ വേർതിരിച്ച് വായിക്കാനുള്ള ഉപകരണങ്ങൾ, സാമഗ്രികൾ എന്നിവ ക്ലാസ്സിൽ ലഭ്യമാക്കുക.
- ഇംഗ്ലീഷ് എന്ന രീതിയിൽ എന്തുപറഞ്ഞാലും വായിച്ചാലും എഴുതിയാലും സ്വീകരിക്കപ്പെടുക.
- ദൈനംദിന പ്രയോഗത്തിനുള്ള ഭാഷ ലഭിക്കത്തക്കതരത്തിൽ ലോക്കൽ ടെസ്റ്റുകൾ അവതരിപ്പിക്കുക.
- ആവശ്യമായ തരത്തിൽ ആധുനിക സങ്കേതങ്ങൾ ഉൾപ്പെടെയുള്ള ബോധന സാമഗ്രികൾ ലഭ്യമാക്കുക.
- കുട്ടിയുടെ ഗൃഹാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും പഠനവിധേയമാക്കി ആവശ്യമായ പരിഹാര പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- മുഴുവൻ കുട്ടികൾക്കും ഇടപെടാവുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.
- ആവശ്യമായ പഠനോപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.
- സ്വതന്ത്ര വിനിമയത്തിനുതകുന്ന തരത്തിൽ ഭാഷാ പ്രവർത്തനങ്ങൾ ആസുത്രണം ചെയ്യുക.
- ഭാഷാന്തരീക്ഷം ക്ലാസ്സിൽ സൃഷ്ടിക്കുക.

# ACADEMIC MASTER PLAN - ENGLISH UP

## INTRODUCTION

This academic master plan is designed to make English language learning more effectively. This plan outlines a comprehesve and appropriate approac to English language teaching and learning. Proficiency in English is crucial as a primary means of communication.

## AIM

The plan primarily focuses on the integrated developmnt of the four essential language skills.

Listeneing : To enable students to understand spoken English

Speaking : To enable students to speak English correctly

Reading : To enable students to read English with correct stress and intonation.

Writing : To enable students to write English.

| Aim | Activities | Month | Impliment | Expence Monitoring |
|---|---|---|---|---|
| To listen and speak English | Spoken English Class English assembly | June to March | English Teacher | English Club |
| To read English without any mistakes | News reading | | | |
| To write English without any mistakes | English diary, poster making, Magazine | | | |
| Increases confidence in English language | English day | | | |
| Enrich Reading & Writing | Workshop on creative Writing and Reading | July & August | English Club | 5000 HM SRG PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# സോഷ്യൽ സയൻസ്

## ആമുഖം

മനുഷ്യപുരോഗതിയുടെ വളർച്ചയും വികാസവും രേഖപ്പെടുത്തുകയും വില യിരുത്തുകയും വിശകലനം ചെയ്യുകയും സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരങ്ങൾ മുന്നോട്ടുവവെയ്ക്കുകയും ചെയ്യുന്ന വിജ്ഞാന ശാഖയാണ് സാമൂഹശാസ്ത്രം. കുട്ടികളിൽ സാമൂഹ്യബോധം വളർത്തുവാനും നല്ല സംസ്കാരശീലത്തോടെ വളരുവാനു സാമൂഹ്യശാസ്ത്ര പഠനം അനിവാ ര്യമാണ്. ഉത്തമ പൗരനായി വളരുവാനും സാമൂഹ്യനന്മയ്കായി പ്രവർത്തിക്കാ നുള്ള അറിവും, മനോഭാവവും നൈപുണ്യങ്ങളും വികസിക്കുന്നത് സാമൂഹ്യ ശാസ്ത്ര പഠനത്തിലൂടെയാണ്.

മനുഷ്യർ, സമൂഹം, പരിസ്ഥിതി എന്നിവ തമ്മിലുള്ള പാരസ്പര്യമാണ് സാമൂഹ്യശാസ്ത്രത്തിന്റെ പ്രതിപാദ്യം. മാനവികത, ജനാധിപത്യബോധം, മത നിരപേക്ഷത, സ്വാതന്ത്ര്യബോധം, സമത്വം, സഹിഷ്ടണുത, സംഘബോധം, സാഹോദര്യം, ശാസ്ത്രീയ മനോഭാവം, ബഹുസ്വരതയോടുള്ള ആദരവ്, വിമർശന ചിന്ത തുടങ്ങിയവയുടെ രൂപീകരിണമാണ് സാമൂഹ്യശാസ്ത്രപഠനം ലക്ഷ്യമിടുന്നത്.

അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു വിജ്ഞാനശാഖ എന്ന നില യിൽ ഇവിടം കാലാനുസൃതമായ മാറ്റങ്ങളും കൂട്ടിച്ചേർക്കലും അനിവാര്യമാണ്. അഞ്ചാംതരത്തിലെത്തുന്ന വിദ്യാർത്ഥികൾ പരിസരപഠനത്തിന്റെ ഭാഗമയാണ് സാമൂഹ്യശാസ്ത്രം പഠിച്ചിരുന്നത്. അഥവാ സാമൂഹ്യശാസ്ത്രം ഒരു പ്രത്യേക പാഠപുസ്തമായി അവരുടെ മുമ്പിലെത്തുന്നു.

ചരിത്രം, രാഷ്ട്രതന്ത്രം, സാമ്പത്തികശാസ്ത്രം, ഭൂമിശാസ്ത്രം, നരവംശ ശാസ്ത്രം തുടങ്ങിയവ കൂട്ടിച്ചേർത്തുകൊണ്ടാണ് യു.പി. ക്ലാസിലെ സാമൂഹ്യ ശാസ്ത്ര പഠനം സാധ്യമാവുന്നത്. വിവിധ പഠനപ്രവർത്തനങ്ങളിലൂടെ ഇഷ്ട വിഷയങ്ങളിലെ ആശയം വിദ്യാർത്ഥികളുടെ മനസിൽ ഇടംനേടേണ്ടതുണ്ട്. ഇവ യിൽ ഭൂമിശാസ്ത്ര പഠനവും മിക്ക അധ്യയനങ്ങളിലും പഠനപ്രവർത്ത്ങളുടെ സമ്പൂർണ്ണതയായി നൽകുന്ന സെമിനാർ അവതരണവും താരതമ്യേന പ്രയാസം നേരിടുന്നതിനാൽ ഇവ രണ്ടിലും അവഗാഹം നേടാൻ കഴിയുംവിധം സാമൂഹ്യ ശാസ്ത്രപഠന പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നു.

## സെമിനാർ എന്ത്? എങ്ങിനെ?

ഒരു വിഷയത്തെ സംബന്ധിച്ചുള്ള സർവ്വകോണുകളിൽ നിന്നുമുള്ള വിശകലനവും നിഗമനവും അവയെ സംബന്ധിച്ചുള്ള വ്യക്തിഗത നിരീക്ഷണവും അവതരിപ്പിക്കുകയും ഇതിലൂടെ തദ് വിഷയത്തിൽ സ്വന്തം കാഴ്ചപ്പാട്കൂടി രൂപപ്പെടുത്തുകയുമാണ് സെമിനാർ ലക്ഷ്യമിടുന്നത്.

ഒരേ വിഷയത്തിൽ ഉയരുന്ന വിവിധ കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കപ്പെടുന്നത് ഇവിടെ ശ്രദ്ധേയമാണ്. ഇതിനായി വിദ്യാർത്ഥികളെ മാനസികമായി സജ്ജമാക്കുന്നതിന് ഒരു 'ശില്പശാല' ഒരുക്കുകയും ഇവ സംബന്ധമായ ആശങ്കകൾ മറികടക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും ചെയ്യും. ഭൂമിശാസ്ത്ര പഠനത്തിൽ ഭൂപടപഠനം, ഗ്ലോബ് ഉപയോഗം ഇവയിലൂടെ പാഠപുസ്തകങ്ങളിലെ ആശയങ്ങൾ പരിമിതികൾക്കുള്ളിലും വിദ്യാർത്ഥികളുടെ മനസ്സകങ്ങളിലേക്ക് എത്തിക്കുന്നതിന് വിദഗ്ദ സേവനം ലഭ്യമാക്കും.

## ലക്ഷ്യങ്ങൾ

സമൂഹത്തിന്റെ വികാസ പരിണാമങ്ങൾ അറിയുവാനും സമൂഹത്തെ മെച്ചപ്പെടുത്തുവാനുമുള്ള കൂട്ടായ പരിശ്രമത്തിൽ തന്റെ പങ്ക് തിരിച്ചറിഞ്ഞു പ്രവർത്തിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക.

ജനാധിപത്യബോധം, മതനിരപേ, ചിന്ത, ദേശീയബോധം, സഹകരണ മനോഭാവം, പ്രതികരശേഷി എന്നീ മൂല്യങ്ങൾ വളർത്തിയെടുക്കുക.

വർത്തമാനകാല സാഹചര്യങ്ങളെ ഇന്നലെകളുടെ പശ്ചാത്തലത്തിൽ അപഗ്രഥിച്ച് നാളയെക്കുറിച്ച് കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന് ചരിത്രപഠനം സഹായിക്കുന്നു. സാമൂഹിക കാഴ്ചപ്പാടും പാരിസ്ഥിതിക അവബോധവും വളർത്തുന്നതിനുതകുന്ന ധാരണകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ വളർത്തയെടുക്കുക.

## പ്രശ്നങ്ങൾ

അക്കാദമികം : പഠിതാവിന്റെ താല്പര്യവും വികാസവും പരിഗണിച്ചുകൊണ്ട് വൈവിധ്യമുള്ള പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ കഴിയുംവിധം ക്ലാസ്സ്മുറികൾ ക്രമീകരിക്കേണ്ടതുണ്ട്. വ്യക്തിതലത്തിലും സാമൂഹികതലത്തിലും ജ്ഞാന നിർമ്മാണം നടക്കേണ്ടതുണ്ട്. സഹകരണാത്മകവും സംവാദാത്മകവുമായ രീതിയിൽ പഠനം നടത്തണം. ഓരോ കുട്ടിയുടെയും സമഗ്ര വികസനത്തിനുവേണ്ടിയാണ് പഠനപ്രക്രിയ നിശ്ചയിക്കേണ്ടത്. കഌം സാധ്യത ഉപയോഗപ്പെടുത്തി കുട്ടികളെ കാര്യങ്ങൾ ബോധവാന്മാരാക്കുന്നതിന് വേണ്ടി അധ്യാപകർക്ക് തുടർ പരിശീലനം അത്യാവശ്യമാണ്.

## ഭൗതികം

പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിന് പഠന വിഭവങ്ങൾ അത്യാവശ്യമാണ്. പഠനപ്രക്രിയയുടെ പൂർണ്ണതക്ക് പഠനവിഭവങ്ങൾ അത്യാവശ്യമാണ്. പഠന പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്താനാവശ്യമായ ചുറ്റുപാടുകൾ, ഉപകരണങ്ങൾ (ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ, ഡിസ്പ്ലേബോർഡ്, പഠനോപകരണങ്ങൾ മൾട്ടിമീഡിയ ഉപകരണങ്ങൾ) എന്നിവ ഉണ്ടാവേണ്ടതാണ്. ചരിത്രമ്യൂസിയം, ചരിത്രലാബ് എന്നിവയ്ക്ക് പ്രാധാന്യം നൽകേണ്ടതാണ്.

## സാമൂഹികം

പാഠ്യപദ്ധതിയെക്കുറിച്ചും പഠനനേട്ടങ്ങളെക്കുറിച്ചും രക്ഷിതാക്കൾ ബോധവാന്മാരാകണം. അതിനുവേണ്ടി ക്ലാസ്സ് പി.ടി.എ. വിളിച്ചുചേർക്കുകയും എല്ലാ രക്ഷിതാക്കളും അതിൽ പങ്കാളികളാകേണ്ടതുമാണ്. അധ്യാപകരും രക്ഷിതാവുമായുള്ള ഈ സ്നേഹപൂർണ്ണമായ ബന്ധം കുട്ടിയെ അധ്യാപകരുമായി കൂടുതൽ അടുപ്പിക്കുകയും പഠനത്തോട് കൂടുതൽ താല്പര്യമുള്ളവരാക്കുകയും ചെയ്യുന്നു. കുട്ടി വളർന്നുവരുന്ന ചുറ്റുപാടിനെക്കുറിച്ചും അവർ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ അധ്യാപകർക്കും ഉണ്ടാവേണ്ടതാണ്.

## പ്രശ്നപരിഹാരങ്ങൾ

പൊതുവിജ്ഞാനവും, സാമൂഹ്യബോധവും, ദേശീയബോധവും വളർത്തിയെടുക്കനും സാമൂഹ്യശാസ്ത്ര ക്ലബ്ബ് പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് ക്വിസ്, പ്രസംഗ്, നാടകം എന്നിവ സംഘടിപ്പിക്കാവുന്നതാണ്. ദിനാചരണവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം, പ്രസംഗം, ക്വിസ് സംഘടിപ്പിക്കുന്നു. കുട്ടികളിൽ ചരിത്രബോധം വളർത്തുന്നതിന് ചരിത്രരചന, ചരിത്രവായന, ചരിത്രമ്യൂസിയം സന്ദർശിക്കൽ, ചരിത്രലാബ്, പഠനയാത്ര, മഹത്‌വ്യക്തികളുടെ സാംസ്കാരിക പൈതൃകം മനസിലാക്കാൻ സഹായിക്കുനന പുസ്തകങ്ങൾ പരിചയപ്പെടുത്തി വായനകുറിപ്പ് തയ്യാറാക്കാവുന്നതാണ്. സാമൂഹ്യനന്മ ലക്ഷ്യമാക്കി പ്രവർത്തിച്ച മഹത് വ്യക്തികളുടെ സേവനങ്ങൾ ബോധ്യപ്പെടുത്തുനന (കളം സാധ്യത) ഭൂമിശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട പ്രതിഭാസങ്ങളെ ഡിജിറ്റലൈസേഷനിലൂടെ ബോധവാന്മാരാക്കുന്ന സംഘബോധം, ജനാധിപത്യബോധം, സഹകരണ മനോഭാവം, വിമർശ്ശന ചിന്ത, പ്രതികരണ ശേഷി എന്നിവ വികസിപ്പിക്കുന്നതിന് സെമിനാർ, ഗ്രൂപ്പ് ചർച്ച, സംവാദം, അഭിമുഖം ഫീൽഡ് ട്രിപ്പ്, പ്രൊജക്ട് എന്നീ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തണം.

| പദ്ധതി | ലക്ഷ്യം | പദ്ധതി വിശകലനം പ്രവർത്തനം | ചുമതല |
|---|---|---|---|
| ബാല പാർലമെന്റ് | ജനാധിപത്യ രീതികൾ മനസ്സിലാക്കൽ<br>ജനാധിപത്യത്തോട് ആഭിമുഖ്യം വളർത്തൽ<br>ഉത്തരവാദിത്വ നിർവ്വഹണം | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്<br>സ്കൂൾ പാർലമെന്റ് സമ്മേളനം<br>ക്ലാസ്സ് അടിസ്ഥാനത്തിൽ ശുചിത്വം, അച്ചടക്കം, കലാ-കായികം, ആരോഗ്യവിദ്യാഭ്യാസം പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| സെമിനാർ | പാഠ്യവിഷയങ്ങൾ വിശകലനം ചെയ്യൽ<br>സ്വന്തം കാഴ്ചപ്പാട് രൂപീകരിക്കൽ | സെമിനാർ അവതരണം പ്രായോഗികമായി മനസ്സിലാക്കുന്നതിന് ശില്പശാല സംഘടിപ്പിക്കുക. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| സാമൂഹ്യശാസ്ത്ര ക്ലബ് രൂപീകരിണം | ക്ലാസ് മുറികൾക്കുള്ളിൽ ഒതുങ്ങാതെ പൊതുസമൂഹത്തിന് കൂടി ഉതകുന്ന പ്രവർത്തനങ്ങളുടെ സംഘാടനം | സാമൂഹിക അവബോധം വളർത്താനുള്ള നേതൃശേഷി വളർത്തുക | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| പരിസരപഠനത്തിൽ നിന്ന് സാമൂഹ്യശാസ്ത്ര പഠനത്തിലേക്ക് | അഞ്ചാം ക്ലാസ് വിദ്യാർത്ഥികൾ നാലാം ക്ലാസുവരെ പഠിച്ച പരിസരപഠനത്തിൽ നിന്ന് സാമൂഹ്യ പാഠത്തിലേക്കുള്ള ഗതിമാറ്റം<br>പാഠപുസ്തക വായനവും ചർച്ചയും വിശകലനവും | വ്യക്തിത്വ വികാസം മാനസിക വളർച്ചയെ ഉണർത്തൽ | ക്ലാസ്തലം അധ്യാപകരും കുട്ടികളും |

| പദ്ധതി | ലക്ഷ്യം | പദ്ധതി വിശകലനം പ്രവർത്തനം | ചുമതല |
|---|---|---|---|
| ഭൂമിശാസ്ത്രം, ചരിത്രം, സാമ്പത്തിക ശാസ്ത്രം, രാഷ്ട്രതന്ത്രം നരവംശ ശാസ്ത്രം വിശകലനം | പാഠപുസ്തകത്തിൽ തന്നിരിക്കുന്ന പാഠഭാഗങ്ങളിൽ സാമൂഹ്യ ശാസത്രത്തിൽ ഏത് ഗണത്തിൽ | സാമുഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്<br>സ്കൂൾ പാർലമെന്റ് സമ്മേളനം<br>ക്ലാസ്സ് അടിസ്ഥാനത്തിൽ ശുചിത്വം, അച്ചടക്കം, കലാ-കായികം, ആരോഗ്യവിദ്യാഭ്യാസം പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| പ്രാദേശിക വിഭവ - ഭൂപട നിർമ്മാണം<br>മാപ്പിംഗ് | പഠന പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ വിഭവശേഖരണം നടത്തുന്നു. ഭൂപട നിർമ്മാണം മാപ്പിംഗ് പരിചയപ്പെടുത്തൽ. അറ്റ്ലസ് പരിശീലനം നൽകൽ | പ്രദേശിക വഭവങ്ങളെ കണ്ടെത്തൽ<br>ഭൂപട നിർമ്മാണത്തിൽ കുട്ടികളെ പ്രാപ്തരാക്കുക | വിദഗ്ദർ<br>അധ്യാപകർ<br>പി.ടി.എ.<br>എം.പി.ടി.എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഗണിതശാസ്ത്രം

**ആമുഖം**

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്ന് മുന്നിൽ കണ്ടുകൊണ്ടാണ് "ഉല്ലാസ ഗണിതം" പദ്ധതി മുന്നോട്ടുവന്നത്. ഓരോ നേട്ടങ്ങളിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗസഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

| പ്രശ്ന മേഖല | ലക്ഷ്യം | | കാലയളവ് | നിർവ്വഹണം | പ്രതീക്ഷിത ചെലവ് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| അടിസ്ഥാന ഗണിതശേഷിയിലെ പിന്നോക്കാവസ്ഥ | അടിസ്ഥാന ഗണിത ശേഷി എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തൽ | ഗണിത ശില്പശാല | ജൂൺ ജൂലൈ | ഗണിത ക്ലബ് അധ്യാപകൻ | 2000 | എച്ച്.എം. & എസ്.ആർ.ജി. വിദ്യാഭ്യാസ സമിതി |
| ഗണിതശാസ്ത്ര പഠനത്തിൽ താല്പര്യക്കുറവ് | ഗണിതശാസ്ത്രപഠനം ആസ്വാദ്യകരമാക്കൽ - ശേഷി വികാസം സാധ്യമാക്കാൻ | ഒറിഗാമി ശില്പശാല ഗണിത ശേഷി കൈവരിക്കാനുള്ള പരിശീലന കളരി | ഡിസംബർ | ഗണിത ക്ലബ് | 2000 | |
| ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ അഭാവം | ആധുനിക ശാസ്ത്രസാങ്കേതികവിദ്യയും ഐ.ടി. സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തി ഗണിതപഠനം മികവുറ്റതാക്കുക | ഐ. ടി. മാത്സ് | മാസത്തിൽ 2 തവണ | ഗണിത ക്ലബ് | 500 | എച്ച്.എം. & എസ്.ആർ.ജി. വിദ്യാഭ്യാസ സമിതി |
| ഗണിത പഠനത്തിലെ പിന്നോക്കാവസ്ഥ | ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കുക | ഗണിത ക്ലിനിക് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനം | ആഴ്ചയിൽ 1 പീരീഡ് | ഗണിത ക്ലബ് | 500 | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അടിസ്ഥാന ശാസ്ത്രം

(വിഷയാധിഷ്ഠിത അവലോകനം)

### ആമുഖം

ജീവിതത്തിന്റെ സമസ്ത മേഖലയും ശാസ്ത്രത്തിന്റേതാണ്. ഏതൊരു കാര്യമെടുത്താലും അതിന്റെ പുറകിൽ ഒരു ശാസ്ത്രമുണ്ടാകും. ശാസ്ത്രബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ശാസ്ത്രപഠനത്തിന്റെ ലക്ഷ്യം.

### ലക്ഷ്യം

- കുട്ടികളിൽ ശാസ്ത്രചിന്ത, ശാസ്ത്രബോധം എന്നിവ വളർത്തിയെടുക്കുക.
- യുക്തിചിന്ത, ശാസ്ത്രചിന്ത എന്നിവയുടെ അടിസ്ഥാനത്തിൽ എല്ലാ കാര്യങ്ങളും നോക്കിക്കാണാൻ കഴിയുക.
- സാമൂഹിക കാര്യങ്ങളെ ശാസ്ത്രീയ ചിന്തയുടെ അടിസ്ഥാനത്തിൽ വിലയിരുത്താൻ കഴിയുക.
- അന്ധവിശ്വാസത്തിന് എതിരായ യുക്തിചിന്ത പരിപോഷിപ്പിക്കുക
- സമൂഹത്തിന്റെ സമഗ്രമായ പുരോഗതിക്കായി രാഷ്ട്രത്തെ ഉപയോഗപ്പെടുത്താൻ കഴിയുക.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക ശാസ്ത്രപരിപോഷണ പരിപാടി സംഘടിപ്പിക്കുക.
- പാർശ്വവത്കരിക്കപ്പെടുന്നുവരുടെ ഉന്നമനം.

### ശാസ്ത്രപഠനം നേരിടുന്ന പ്രശ്നങ്ങൾ

- ശാസ്ത്ര അവബോധ ക്ലാസ്സുകളുടെ അഭാവം
- ശാസ്ത്ര പരീക്ഷണങ്ങളുടെ കുറവ്
- ശാസ്ത്ര മാസികകൾ, പുസ്തകങ്ങൾ എന്നിവയുടെ ലഭ്യത കുറവ്
- ശാസ്ത്ര പ്രൊജക്ടുകൾ തയ്യാറാക്കാൻ കഴിയാത്തത്
- ശാസ്ത്രമേളകളിൽ പുറകോട്ട് പോക്ക്
- ശാസ്ത്ര അഭിരുചി ഇല്ലായ്മ.
- ഗവേഷണാത്മക പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ കഴിയാത്തത്
- ശാസ്ത്ര പദ്ധതികളുടെ അഭാവം.

## പരിഹാര നിർദ്ദേശങ്ങൾ

- ശാസ്ത്ര ക്ലാസ്സുകൾ, ശാസ്ത്ര സദസ്സുകൾ എന്നിവ സംഘടിപ്പിക്കുക.
- സ്മാർട് സയൻസ് ശാസ്ത്ര പരീക്ഷണങ്ങളിലൂടെ ശാസ്ത്ര പഠനം ഉറപ്പാക്കാൻ ശാസ്ത്രലാബ് നവീകരണം
- പറന്നെത്തും ശാസ്ത്ര മാസികകൾ

  (ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ തപാലിൽ എത്തിക്കുവാൻ കഴിയുക. സമ്മാനങ്ങളായി ശാസ്ത്ര പുസ്തകങ്ങൾ ഏർപ്പെടുത്തുക)
- ശാസ്ത്ര പ്രൊജക്ടുകൾ വർഷാരംഭത്തിൽ ഏറ്റെടുത്തു നടത്തുക.
- ശാസ്ത്ര ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിച്ചു നിരീക്ഷണപാടവത്തിലൂടെ ശാസ്ത്ര പഠനം പരിപോഷിപ്പിക്കുക.
- ശാസ്ത്രമേള ശില്പശാലകൾ സംഘടിപ്പിക്കുക.
- ICTയുടെ സഹായത്തോടെ ശാസ്ത്ര പ്രദർശനം
- ഇന്നോവറ്റീവ് പ്രൊജക്ടുകൾ നൽകുക.
- ഓൺലൈൻ ശാസ്ത്രവായന പരിപോഷിപ്പിക്കുക.
- സ്മാർട്ട് ഫോണിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുക.
- ശാസ്ത്രവാർത്തകൾ ശേഖരിക്കുകയും ശാസ്ത്ര റേഡിയോ ആരംഭിക്കുകയും ചെയ്യൽ
- ശാസ്ത്ര മാജിക്കുകൾ – ജനകീയ ശാസ്ത്ര അവബോധന പ്രവർത്തനങ്ങൾ നടത്തുക (അന്ധവിശ്വാസത്തിനും അനാചാരത്തിനും എതിരെ)
- ശാസ്ത്ര പുസ്തക റഫറൻസ് സൗകര്യം ഏർപ്പെടുത്തുക.
- ശാസ്ത്ര ലൈബ്രറി എന്ന കാഴ്ചപ്പാടിലൂടെ സ്കൂൾ ലൈബ്രറിയെ മാറ്റിത്തീർക്കുക.
- ജ്യോതിശാസ്ത്ര സദസ്സുകൾ സംഘടിപ്പിക്കുക.

| പഠന പ്രശ്നം | പഠന ലക്ഷ്യം | പഠന പ്രവർത്തനം (തന്ത്രം) | നിർവ്വഹണം | ചിലവ് | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| നിത്യജീവിതത്തിലെ സന്ദർഭങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യാനുള്ള കഴിവില്ലായ്മ | പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | "Science Incubator" "100 ചിന്തകൾ 100 പരീക്ഷണങ്ങൾ | സയൻസ് ക്ലബ്ബ് | 2000 | ജൂലൈ - ഫെബ്രുവരി | എച്ച്.എം. & എസ്.ആർ.ജി. വിദ്യാഭ്യാസ സമിതി |
| ശാസ്ത്രാശയങ്ങൾ കണ്ടെത്താൻ കഴിവില്ലായ്മ | ഓരോ കുട്ടിക്കും ശാസ്ത്ര ആശയങ്ങളെ വിശകലനം ചെയ്യുവാനും ജീവിത സന്ദർഭങ്ങളിലെ ശാസ്ത്രാശയങ്ങളെ തിരിച്ചറിയാൻ കഴിയുന്നു. | STD 5<br>3 കുട്ടികൾ വീതമുള്ള ശാസ്ത്ര ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. നിത്യജീവിതത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ കുട്ടിക്ക് നൽകുന്നു. അവ പരിഹരിക്കാൻ ശാസ്ത്രപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | | | | |
| പരീക്ഷണങ്ങളിൽ ഏർപ്പെടാൻ അവസരം ഇല്ലായ്മ | നിത്യജീവിതത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളെ വിശകലനം ചെയ്യാനുള്ള കഴിവ് | ഓരോ കുട്ടിയും പരീക്ഷണങ്ങളിലൂടെ കടന്നുപോവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു | | | | |

| പഠന പ്രശ്നം | പഠന ലക്ഷ്യം | പഠന പ്രവർത്തനം (തന്ത്രം) | നിർവ്വഹണം | ചിലവ് | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| | | ശാസ്ത്രാശയം ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു<br>ക്ലാസ്സ് 6 – 7<br>ശാസ്ത്രപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി സ്വന്തമായി പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു.<br>ഗവേഷണാത്മക പ്രൊജക്ടുകൾ നൽകുന്നു<br>2 കുട്ടികൾ വീതമുള്ള Science buddies രൂപീകരിക്കുന്നു. | സയൻസ് ക്ലബ്ബ് | 2000 | ആഗസ്ത് – ഒക്ടോബർ – ജനുവരി | എച്ച്.എം. & എസ്.ആർ.ജി. വിദ്യാഭ്യാസ സമിതി |
| പരീക്ഷണങ്ങൾ, ചോദ്യങ്ങൾ എന്നിവയിലൂടെ ലോജിക്കൽ തിങ്കിംഗ് അനലറ്റിക്കൽ തിങ്കിംഗ് എന്നിവയിലെ അഭാവം | ലോജിക്കൽ ചിന്തയും അനലറ്റിക്കൽ ചിന്തയും വളർത്തുക.<br>ക്ലാസ്സ് റൂം പഠനത്തിന് പുറമെയുള്ള അറിവുകളും അതിന്റെ പ്രയോഗങ്ങളും | Intellectual Workshop<br>5, 6, 7 ക്ലാസ്സുകളിലെ കുട്ടികൾക്ക് അവരുടെ യൂണിറ്റ് ഭാഗത്തെ അടിസ്ഥാനമാക്കി വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നു | | | ആഗസ്ത് | |

| പഠന പ്രശ്നം | പഠന ലക്ഷ്യം | പഠന പ്രവർത്തനം (തന്ത്രം) | നിർവ്വഹണം | ചിലവ് | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| കുട്ടികൾക്ക് ശാസ്ത്രപഠനത്തിൽ അഭിരുചി ഇല്ലായ്മ അനുഭവാധിഷ്ഠിത ശാസ്ത്രപഠനത്തിന്റെ അഭാവം. | കുട്ടികളിൽ അഭിരുചി വളർത്തുക<br>കുട്ടികൾക്ക് ശാസ്ത്രപഠനത്തിലെ നേരനുഭവങ്ങൾ പ്രദാനം ചെയ്യുക | "Live in Science Camp" 5, 6, 7 ക്ലാസിലെ കുട്ടികൾക്കായി ഡിസംബർ മാസം ഏകദിന സഹവാസ ക്യാമ്പ് സംഘടിപ്പിക്കുന്നു.<br>ഫീൽഡ് ട്രിപ്പുകളും ശാസ്ത്ര അഭിമുഖങ്ങളും സംഘടിപ്പിക്കുന്നു. | സയൻസ് ക്ലബ് | 1000 | ഡിസംബർ | എച്ച്.എം. & എസ്.ആർ.ജി. വിദ്യാഭ്യാസ സമിതി |
| സമൂഹത്തിലെ ശാസ്ത്ര അവബോധം ഇല്ലായ്മ | ശാസ്ത്രത്തിന്റെ ജനകീയവത്ക്കരണം<br>കുട്ടികളിലെ ശാസ്ത്ര പ്രചരണം | "People Science Slam" ജനകീയ ശാസ്ത്ര പ്രചരണത്തിന്റെ ഭാഗമായി 6, 7 ക്ലാസിലെ കുട്ടികളുടെ ഗവേഷണാത്മക ശാസ്ത്ര പ്രൊജക്ട് അവതരിപ്പിക്കൽ<br>താല്പര്യമുള്ള പൂർവ്വ വിദ്യാർത്ഥികൾ, മുതിർന്ന വ്യക്തികൾ എന്നിവരുടെ പ്രൊജക്ട് അവതരണം | | 1000 | ജനുവരി | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ആരോഗ്യ കായിക വിദ്യാഭ്യാസം

**മേഖല** **:** ആരോഗ്യകായിക വിദ്യാഭ്യാസം

**ഉദ്ദേശം** **:**കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക.

:അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്വമാക്കുക

**ഉപമേഖല** **:**1 കായിക മേഖല

:2 ആരോഗ്യ മേഖല

**ആമുഖം**

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായിക ക്ഷമത അനുദിനം കുറഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്.ശരിയായ ആരോഗ്യകായികഅവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്.കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിത ശൈലി,യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ പ്രവർത്തന മാന്ദ്യമുള്ളവരാക്കുന്നു.ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും,അനന്തരഫലമായുള്ള,അമിതമേദസ്സും,രോഗങ്ങളും ഒരു പ്രതിസന്ധി ആനുപാതികത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേതു രാജ്യത്തെക്കാളും ജനിതകമായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യക്കാർക്കാണെന്ന് അടുത്തകാലത്ത് നടന്ന പഠനത്തിൽ മനസ്സിലാക്കുന്നു.ഇന്ത്യയിൽ 35 നും 64 നും ഇടയ്ക്കുള്ള പ്രായത്തിൽ,ഹൃദ്രോഗത്തിലൂടെ ജീവിതം പൊലിഞ്ഞുപോയവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.

ലോകത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന"**പ്രമേഹം**"എന്ന മഹാമാരി ഭീഷണി ഉയരുന്നത് ഇന്ത്യയിലാണ്.100 കോടിയിലധികം വരുന്ന ഇന്ത്യൻ ജനത,മധ്യവയസ്സിനു ശേഷം പിടിപെടുന്ന പ്രമേഹം(ടൈപ്പ്2) സാധ്യത വളരെ കൂടുതലാണ്.കാരണം കൂടുതൽ പാശ്ചാത്യവൽകൃതമായ ജീവിതശൈലിയിൽ,കൊഴുപ്പ് കൂടിയ ആഹാരം കഴിക്കുന്നതു കൊണ്ടും വ്യായാമത്തിന്റെ അഭാവം മൂലവുമാണ്.

ഇന്ത്യയിൽ പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു.രാജ്യത്ത് 10 കോടിയിലധികം രോഗികൾ എന്ന് സർവ്വേ ഫലം **(ന്യൂഡൽഹി)**

ഇന്ത്യയിൽ പ്രമേഹരോഗികളുടെ എണ്ണം വൻതോതിൽ വർധിക്കുന്നതായി പഠനം.ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്- ഇന്ത്യ ഡയബറ്റീസ്(ICMR-INDIAB )നടത്തിയ സർവ്വേയിൽ 10 കോടിയിലധികം ആളുകൾക്ക് ഇന്ത്യയിൽ പ്രമേഹമുള്ളതായി കണ്ടെത്തി. 13.6 കോടിആളുകൾക്ക് പ്രീ ഡയബറ്റിക് ആണെന്നും,31.5 കോടി ആളുകൾക്ക് ഉയർന്ന രക്ത സമ്മർദ്ദം ഉണ്ടെന്നും ഈ പഠനത്തിൽ പറയുന്നുണ്ട്. മെറ്റാബോളിക് നോൺകമ്മ്യൂണിക്കബിൾ

ആയ അസുഖങ്ങളുടെ(NCD)വ്യാപനം സംബന്ധിച്ച് ഇത്തരത്തിലൊരു പഠനം നടത്തുന്നത് ആദ്യമാണ്.രാജ്യത്തെ തന്നെ ഏറ്റവും വലിയ സർവ്വേകളിൽ ഒന്നാണിത്.

25.4 കോടി ആളുകളിൽ പൊണ്ണത്തടി,35.1 കോടി ആളുകളിൽ അടിവയറ്റിലെ പൊണ്ണത്തടി,21.3 കോടി ആളുകൾക്ക് ഉയർന്നകൊളസ്ട്രോൾ(ഹൈപ്പർകൊളസ്ട്രോ ലീമിയ)18.5 കോടി ആളുകൾക്ക് ഉയർന്ന LDL കൊളസ്ട്രോൾ അല്ലെങ്കിൽ ചീത്ത കൊളസ്ട്രോൾ ഉണ്ടെന്നും സർവ്വേയിൽ കണ്ടെത്തി.ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളം,പുതുച്ചേരി,ഗോവ, സിക്കിം,പഞ്ചാബ് എന്നിവിടങ്ങളിൽ ഇത്തരം അസുഖങ്ങളുടെ വ്യാപനം കൂടുതലാണെന്ന് പഠനം പറയുന്നു.

പ്രമേഹ രോഗികളെക്കാളധികം പ്രീ ഡയബറ്റിസ് ഉള്ളവർ രാജ്യത്ത് ഉണ്ടെന്നുള്ളതാണ് കൂടുതൽ ആശങ്കാജനകം.ഇതിനർത്ഥം വരും വർഷങ്ങളിൽ പ്രമേഹരോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്നാണ്.2019 ൽ 7.4 കോടി പ്രമേഹരോഗികളായിരുന്നു രാജ്യത്തുണ്ടായിരുന്നത്. കഴിഞ്ഞ നാല് വർഷം കൊണ്ടാണ് ഇന്ത്യയിൽ ഇവരുടെ എണ്ണത്തിൽ വൻ കുതിച്ചുചാട്ടമുണ്ടായത്.

2020 ഓടെ ഇന്ത്യയിൽ 35 - 40 ലക്ഷം പ്രമേഹരോഗികൾ ഉണ്ടാവും എന്ന് പറഞ്ഞാൽ ലോകത്തിലെ പ്രമേഹ രോഗികളിൽ ഓരോ അഞ്ചാമനും ഇന്ത്യക്കാരനായിരിക്കും. അതിലേക്ക് കേരളത്തിൽ നിന്നുമായിരിക്കും, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലെന്ന് ഡോക്ടേഴ്സ് അസോസിയേഷൻ കണ്ടെത്തിയിരിക്കുന്നു.

2008 നും 2020 നും ഇടയിൽ നടത്തിയ സർവ്വേയിൽ 113043 ആളുകൾ പങ്കെടുത്തു. ഇവരിൽ 33 537 പേർ നഗരവാസികളും,79506 പേർ ഗ്രാമവാസികളുമാണ്.ഇന്ത്യയുടെ വടക്കുഭാഗത്തും,തെക്കുഭാഗത്തുമാണ് ഏറ്റവും ഉയർന്നപ്രമേഹകണക്കെന്നാണ് പഠനത്തിൽ കണ്ടെത്തിയത്.മദ്യഭാഗത്തും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും അസുഖവ്യാപനം കുറവാണെന്ന് പഠനത്തിൽ പറയുന്നത്. "ദി ലാൻസൈറ്റ് ഡയബറ്റിസ് ആൻഡ് എൻട്രോക്രൈനോളജി" എന്ന ജേണലിൽ വ്യാഴാഴ്ചയാണ് പ്രസ്തുത പഠനം പ്രസിദ്ധീകരിച്ചത്.

കേരളസംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെകുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെകുറവാണ്.

**സ്വന്തമായൊരു കളി സ്ഥലത്തിന്റെ അഭാവം ഞങ്ങളുടെ സ്കൂളിലെ കായിക പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുണ്ട്.**

**ലക്ഷ്യം:-**കായികക്ഷമത കൈവരിക്കൽ,ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ.

**പ്രവർത്തനം:-**

*യോഗ

*സൈക്കിൾ

*കിഡ്സ് അത്ലെറ്റിക്സ് ആൻഡ് അത്ലെറ്റിക്സ്

# പ്രശ്നങ്ങൾ

**അക്കാദമികം**

∇ എല്ലാ കുട്ടികൾക്കും പാഠ്യ പദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.

∇ പീരിയഡുകളുടെ അപര്യാപ്തത

∇ പ്രാധാന്യം കുട്ടികളും രക്ഷിതാക്കളും സമൂഹവും പൂർണ്ണമായും തിരിച്ചറിഞ്ഞിട്ടില്ല.

∇ പോഷകാഹാരത്തിന്റെ അപര്യാപ്തത.

**ഭൗതികം**

∇ കളിസ്ഥലത്തിന്റെ അപര്യാപ്തത

∇ പോഷകാഹാരം കുട്ടികളുടെ ആവശ്യം പരിഗണിച്ചു ലഭിക്കുന്നില്ല.

∇ ആവശ്യമായ കായിക ഉപകരണം ഇല്ല.

**സാമൂഹികം**

∇ പ്രദേശത്തെ കായിക പ്രതിഭകളുടെ സേവന വിദ്യാലയത്തിന് ലഭിക്കുന്നില്ല.

∇ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സ്കൂളിൽ എത്തിക്കാനുള്ള പരിപാടികൾ ഇല്ല.

## പ്രശ്നവിശകലനം

**മേഖല : അക്കാദമികം**

| കാരണങ്ങൾ | പ്രശ്നപരിഹാരം | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br><br>കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പെൺകുട്ടികൾ വിമുഖത കാണിക്കുന്നു.<br><br>മറ്റു വിഷയങ്ങളുടെ പ്രാധാന്യം കുട്ടികൾ കായിക പഠനത്തിന് നൽകുന്നില്ല.<br><br>താല്പര്യമുള്ള കായിക പ്രവർത്തനത്തിന് സൗകര്യമില്ല.<br><br>**അധ്യാപകർ**<br><br>എല്ലാ മേഖലയിലും പരിശീലനം നല്കാൻ കഴിയുന്നില്ല.<br><br>**രക്ഷിതാക്കൾ**<br><br>കുട്ടികളെ കായിക പ്രവർത്തനത്തിൽ പങ്കെടുക്കുന്നതിന് താല്പര്യമില്ല.<br><br>**സംവിധാനം**<br><br>കായിക പ്രവർത്തിനത്തിന് വേണ്ട സൗകര്യമില്ല. | എല്ലാവിധ കായിക പഠനത്തിനുമുള്ള സൗകര്യമൊരുക്കൽ<br><br>എല്ലാ കുട്ടികളുടെയും നീന്തൽ പഠനം ഉറപ്പാക്കൽ.<br><br>വൈവിധ്യമാർന്ന കായിക പഠനത്തിന് സൗകര്യമൊരുക്കൽ<br><br>രക്ഷാകർതൃ ബോധവത്കരണ പരിപാടി നടപ്പാക്കൽ<br><br>കായിക പ്രവർത്തനത്തിന് വേണ്ട സൗകര്യമൊരുക്കൽ | കായിക ശില്പശാല<br><br>വൈവിധ്യമാർന്ന കായിക പരിശീലനം<br><br>സമ്പൂർണ്ണ നീന്തൽ സാക്ഷരത<br><br>പ്രാദേശിക കായിക പരിശീലകരുടെയും പ്രതിഭകളുടെയും ശില്പശാല<br><br>രക്ഷാർതൃ ബോധവത്കരണം<br><br>ഭൗതിക സാഹചര്യമൊരുക്കൽ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഹിന്ദി ഭാഷാപഠനം

## ആമുഖം

കുട്ടികളിൽ ദേശീയ ബോധം വളർത്തിയെടുക്കുന്നതിനുതകുന്ന രീതിയിൽ രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദി ഭഷയുടെ പ്രസ്കതിയെക്കുറിച്ച് ബോധവാന്മാരാകുന്നതിനും ദേശീയഭാഷ എന്ന നിലയിൽ കൂടുതൽ ആളുകളുമായി വാർത്താവിനിമയം നടത്താനുതകുംവിധം ഹിന്ദി പഠനം പരിപോഷിപ്പിക്കേണ്ടതുണ്ട്. ഇതിനായി ഒന്നാം ക്ലാസ് മുതൽ ഹിന്ദി പഠിച്ചുതുടങ്ങേണ്ടതുണ്ട്. ഇതിനായി ഒന്നാം ക്ലാസ്സ് മുതൽ ഹിന്ദി പഠിച്ചുതുടങ്ങേണ്ടത് അനിവാര്യമാണ്.

## ലക്ഷ്യങ്ങൾ

∇ എല്ലാ കുട്ടികൾക്കും ഹിന്ദി രസകരമായി ആസ്വദിക്കാനും ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് പരിപോഷിപ്പിക്കുക.

∇ ഹിന്ദി ഭാഷാപഠനം രസകരവും ലളിതവും ആകർഷകവുമാക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

∇ ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടിയുടെ ദേശസ്നേഹവും സംസ്കാരവും വളർത്തിടെയുക്കുക.

∇ ഒന്നാം ക്ലാസ്സ് മുതൽ ഹിന്ദി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ഹിന്ദി ഭാഷാപഠനത്തിനു സഹായകരമാകും.

∇ ഹിന്ദി കൂടുതൽ കേൾക്കാനും ഹിന്ദി മാതൃഭാഷയായ വ്യക്തികളുമായി സംവാദം നടത്താനുമുള്ള അവസര സൃഷ്ടിക്കുക.

∇ വിദ്യാലയങ്ങളിൽ ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുന്നതിനുതകുന്ന അവസരങ്ങൾ ഉണ്ടാക്കുക.

## പ്രശ്നങ്ങൾ

പഠിതാവിന്റെ താല്പര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള പഠന പ്രവർത്തനങ്ങൾക്കുതകുംവിധം ക്ലാസ്മുറികൾ സജ്ജീകരിക്കേണ്ടതുണ്ട്. ഐ.ടി.സി.യുടെ സാധ്യത ഉപയോഗപ്പെടുത്തി കുട്ടികളെ കാര്യങ്ങൾ എളുപ്പത്തിൽ മനസിലാക്കുംവിധം ആനന്ദകരവും ആസ്വാദ്യകരവും ആക്കേണ്ടതുണ്ട്. കുട്ടികൾക്ക് താല്പര്യം ജനിക്കുന്നതും അവർ ഇഷ്ടപ്പെടുന്നതുമായ വിഷയങ്ങളിലെ സി.ഡി., വാർത്തകൾ, കമന്ററികൾ, സിനിമകൾ തുടങ്ങിയവ ക്ലാസ്സ് മുറിയിൽ സജ്ജീകരിക്കേണ്ടതി

നായി ക്ലാസ്മുറികളിൽ ഐ.ടി. സൗകര്യം ഒരുക്കേണ്ടതുണ്ട്. കുട്ടികളിലെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനാൽ ക്ലാസ് പി.ടി.എ. വിളിച്ചു ചേർക്കുകയും അവരുടെ സഹായം കൂടി പ്രയോജനപ്പെടുത്തുകയും വേണം.

## പ്രശ്നപരിഹാരം

കുട്ടികളിൽ ദേശീയബോധം വളർത്തിയെടുക്കുന്നതിനായി ദേശീയനേതാക്കൾ, മഹാന്മാർ, കവികൾ, അഭിനേതാക്കൾ, എന്നിവരെക്കുറിച്ചുള്ള ചെറിയ കുറിപ്പുകൾ തയ്യാറാക്കുക. ഒഴിവുസമയങ്ങളിൽ ഹിന്ദി സിനിമകൾ, സിനിമാഗാനങ്ങൾ, നാടകങ്ങൾ, പ്രസംഗങ്ങൾ എന്നിവ കേൾക്കാൻ അവസരമൊരുക്കണം. ലളിതവും ഓരോ ക്ലാസ്സിനും അനുയോജ്യവുമായ ലൈബ്രറി പുസ്തകങ്ങൾ ക്ലാസ്സ് മുറികളിൽ സജ്ജീകരിക്കണ. ക്ലാസ്സ് മുറികളിൽ ഹിന്ദി വചനങ്ങൾ, അക്ഷരങ്ങൾ, വാക്കുകൾ, ചുമർചിത്രങ്ങൾ എന്നിവ തയ്യാറാക്കണം. ക്ലാസ്മുറികൾ, സ്കൂൾ ചുമരുകൾ തുടങ്ങി സ്കൂളിന്റെ ഏതു വസ്തുക്കളും പഠനവസ്തുക്കളാക്കി മാറ്റിയെടുക്കാൻ കഴിയണം.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| ഹിന്ദി ലൈബ്രറി | ഓരോ ക്ലാസ്സിന്റെയും നിലവാരത്തിന് അനുസരിച്ചുള്ള പുസ്തകങ്ങൾ ശേഖരിക്കുന്നു. വായന ഉറപ്പാക്കുന്നു. കുറിപ്പുകൾ എഴുതുന്നു. | പരിധി ഇല്ലാതെ | ഹിന്ദി അധ്യാപകൻ | എച്ച്.എം. ഹിന്ദി അധ്യാപകൻ |
| ഹിന്ദി ഡിജിറ്റൽ ലൈബ്രറി | വായന സാമഗ്രികളുടെ ഡിജിറ്റൽ വിഭവങ്ങൾ, ചിത്രകഥകൾ, കാർട്ടൂണുകൾ മുതലായവ. കുട്ടികൾക്കു താല്പര്യം ജനിപ്പിക്കുന്ന കളികളുടെ കമന്ററികൾ, വാർത്തകൾ സിനിമകൾ, അനിമേഷൻ, നാടകങ്ങൾ, കഥകൾ എന്നിവ | പരിധി ഇല്ലാതെ | ഹിന്ദി അധ്യാപകൻ | എച്ച്.എം. ഹിന്ദി അധ്യാപകൻ |
| ICT ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുക. ഹിന്ദി ഫിലിം കോർണർ, സ്കൂൾ അസംബ്ലി | സ്കൂൾ അസംബ്ലിയിൽ ഹിന്ദി പ്രതിജ്ഞ, ദേശഭക്തിഗാനം എന്നിവ ഉൾക്കൊള്ളിക്കുന്നു. | പരിധി ഇല്ലാതെ | ഹിന്ദി അധ്യാപകൻ | എച്ച്.എം. ഹിന്ദി അധ്യാപകൻ |
| ഹിന്ദി ഡയറി | ആഴ്ചയിൽ ഒരു ദിവസം ഹിന്ദി ഡയറി എഴുതി അവതരിപ്പിക്കുന്നു. | ,, | ,, | ,, |
| ഹിന്ദി സാഹിത്യസമാജം | ഹിന്ദി സാഹിത്യസമാജം, ഹിന്ദിയിൽ ഒരു വാക്ക്, അക്ഷര കാർഡ് | ,, | ,, | ,, |
| ആഴ്ചയിലൊരു ഹിന്ദി വാക്ക്, അക്ഷരം ഉറപ്പിക്കൽ | വാക്കുകളുടെ കാർഡ്, വാക്യങ്ങൾ നിർമ്മിക്കൽ, ചിത്രവായന, ക്ലാസ് ലൈബ്രറിയിൽ നിന്നും വാങ്ങുന്ന പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കൽ, പുസ്തക ചർച്ച, രചന, സംഘരചന, ഓഡിയോ പ്രദർശനം | ,, | ,, | ,, |
| വായന വളർത്താൻ | ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കൽ, ചെറുകഥകളും കവിതകളും രചിക്കാൻ സ്കിറ്റ് തയ്യാറാക്കൽ | ,, | ,, | ,, |
| രചനാ വൈഭവം | നാടകങ്ങൾ, വാർത്തകൾ എന്നിവ തയ്യാറാക്കൽ, മഹാന്മാരുടെ പ്രസംഗങ്ങൾ കേൾപ്പിക്കൽ | ,, | ,, | ,, |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# സംസ്കൃതം

## ആമുഖം

ഭാരതീയകലകളുടെ അമ്മ എന്നറിയപ്പെടുന്ന സംസ്കൃതം ഇന്നു വളർച്ചയുടെ പാതയിലാണ്. ഒരു കാലത്ത് സാംസ്കാരിക സാഹിത്യരംഗങ്ങളിൽ നിറഞ്ഞു നിന്നിരുന്ന ഈ ഭാഷ പിന്നീടെപ്പോഴോ പടവുകൾ ഇറങ്ങാൻ തുടങ്ങി. സംസ്കൃതഭാഷയെ ജീവന് തുല്യം സ്നേഹിക്കുന്നവരുടെ കൂട്ടായ പ്രവർത്തനങ്ങളും ഭാരതീയ ഭാഷകൾക്കിടയിൽ സംസ്കൃതത്തിന് ഉള്ള പ്രാധാന്യവും കൊണ്ട് ഈ ഭാഷക്ക് പ്രചാരം ലഭിക്കുന്നുണ്ട്. വിദലാലയത്തിലെ സംസ്കൃത പഠനം മുൻകാലങ്ങളെക്കാൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും അധിക വായനക്കുള്ള സാമഗ്രികൾ രക്ഷിതാക്കൾക്ക് ആ ഭാഷയിലുള്ള അജ്ഞത സംസ്കൃത ഭാഷ പഠനം കൊണ്ട് എന്ത്കാര്യം എന്ന സംശയം എന്നിവയൊക്കെ കൊണ്ട് ചില ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നുണ്ട്. ഭാഷ എന്നാൽ ഒരു സംസ്കാരം കൂടി ആണെന്ന തിരിച്ചറിവിൽ കൂടി മാത്രമേ ഇത്തരം കാര്യങ്ങൾക്ക് മാറ്റം ഉണ്ടാവുകയുള്ളൂ.

## ലക്ഷ്യങ്ങൾ

∇ അക്ഷരജ്ഞാനം വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി കൈവരിക്കുക.

∇ വായിച്ചു ആശയങ്ങൾ മനസിലാക്കുക. സ്വന്തമായ രചനകൾ നടത്തുക.

∇ സുഭാഷിതങ്ങൾ പഠിക്കുക. ജീവിത സന്ദർഭങ്ങളിൽ അവ പ്രയോഗിക്കാനുള്ള കഴിവ് നേടുക. മാനുഷിക മൂല്യങ്ങൾ തിരിച്ചറിയുക. അവയെ ജീവിക്കാനുള്ള മനോഭാവം ഉണ്ടാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ഭൗതികം | കാലാവധി | പിന്തുണ/ചുമതല |
|---|---|---|---|---|
| യു.പി. തലത്തിലുള്ള എല്ലാ സംസ്കൃത വിദ്യാർത്ഥികൾക്കും അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ ഉറപ്പിക്കൽ | അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷര കാർഡ്, വാക്കുകളുടെ കാർഡ്, അക്ഷരമാല ചാർട്ട്, അക്ഷരമാല കളികൾ, അക്ഷരമാല പാട്ടുകൾ | അക്ഷര ചാർട്ട്<br>അക്ഷര കാർഡ്<br>വാക്യങ്ങളുടെ കാർഡ്<br>പാഠപുസ്തകം | ജൂൺ<br>ജൂലൈ<br>ആഗസ്ത് | പി.ടി.എ.<br>സംസ്കൃത അധ്യാപകൻ |
| വീടുതന്നെ ഒരു പാഠശാല. നാം നിത്യം കാണുന്നതായവയും ഉപയോഗിക്കുന്നവയുടെയും പേരുകൾ സംസ്കൃതത്തിൽ പറയുക. | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കി പ്രദർശിപ്പിക്കുക. ഐ.സി.ടി. സഹായത്തോടെ സ്വയം കണ്ടെത്താനുള്ള ശേഷി നേടുക. കണ്ടെത്തുക. | സംസ്കൃത നിഘണ്ടു<br>ജംഗമ ദൂരവാണി<br>കമ്പ്യൂട്ടർ | സെപ്തംബർ<br>ഒക്ടോബർ | സംസ്കൃത ക്ലബ്ബ് |
| വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കുക | ആഴ്ചയിൽ ഒരു സംസ്കൃതം പീരീഡിൽ ആദ്യത്തെ 10 മിനുട്ട് ഒരു കുട്ടി സംസ്കൃത പുസതകങ്ങൾ ഉറക്കെ വായിക്കുക. കൂടുതൽ നന്നായി വായിച്ച കുട്ടിയെ അസംബ്ലിയിൽ അഭിനന്ദിക്കുക | ലൈബ്രറി<br>ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി | 6 മാസം | സംസ്കൃത ക്ലബ്ബ്<br>സംസ്കൃത അധ്യാപകൻ |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന ഭാഷ നേട്ടങ്ങൾ, കരിക്കുലം പഠന നേട്ടങ്ങൾ, മാനവിക മൂല്യങ്ങൾ | ക്ലസ്റ്റർ രൂപീകരണം<br>പഠന നേട്ടങ്ങളുടെ വിലയിരുത്തൽ<br>സുഭാഷിത പഠനം | പാഠപുസ്തകം<br>ഐ,സി.ടി.,<br>ചാർട്ടുകൾ | ജൂൺ<br>മാർച്ച് | സംസ്കൃത അധ്യാപകൻ |
| മത്സര പരീക്ഷകൾ, പ്രശ്നോത്തരങ്ങൾ, കലാമത്സരങ്ങൾ തുടങ്ങിയവയ്ക്ക് കുട്ടികളെ സജ്ജരാക്കൽ | ചോദ്യോത്തരങ്ങൾ നൽകുന്നു<br>പ്രശ്നോത്തരങ്ങൾ നടത്തുന്നു<br>കലാപരിശീലനങ്ങൾ | ക്ലാസ്സ് റൂം | ജൂൺ<br>മാർച്ച് | സംസ്കൃത അധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ഭൗതികം | കാലാവധി | പിന്തുണ/ചുമതല |
|---|---|---|---|---|
| ആസ്വാദന ലോകം കുട്ടികളുടെ ആസ്വാദന ശേഷി വർദ്ധിപ്പിക്കാനും സഭാകമ്പം ഒഴിവാക്കാനും വേണ്ടി | നാടകം, കൂത്ത്, തുടങ്ങിയവയുടെ വീഡിയോ കാണിക്കുന്നു. അവയിലെ രസകരമായ സന്ദർഭങ്ങൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു | ക്ലാസ്സ് റൂം<br>ഐ.സി.ടി. | ആഗസ്ത്<br>ഡിസംബർ | സംസ്കൃത അധ്യാപകൻ<br>കലാകാരന്മാർ |
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | പ്രത്യേക ക്ലാസ്സുകൾ നൽകുന്നു.<br>പ്രത്യേക പഠനോപകരണങ്ങൾ, ഗൃഹസന്ദർശനം, പിന്തുണ | ക്ലാസ്സ് റൂം<br>സ്കൂൾ പരിസരം | ജൂൺ<br>മാർച്ച് | സംസ്കൃതാധ്യാപകൻ<br>സംസ്കൃത ക്ലാസ്സ് |
| മാനവികത, മൂല്യങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട സന്ദർഭങ്ങൾക്കനുസരിച്ച് മാനവിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ, സുഭാഷിതങ്ങൾ, ആപ്തവാക്യങ്ങൾ തുടങ്ങിയവ കേൾക്കാനും മനസ്സിലാക്കാനും അവസരം നൽകുന്നു. | ഐ,സി.ടി.<br>കഥാ സന്ദർഭങ്ങൾ<br>ഗുണപാഠങ്ങൾ | ജൂൺ<br>മാർച്ച് | സംസ്കൃതാധ്യാപകൻ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഉറുദു UP

**ആമുഖം**

ഉറുദു പഠനം നമ്മുടെ വിദ്യാലയത്തിൽ നടന്നുവരുന്നു. ഈ വിഷയത്തിന്റെ പഠനത്തിൽ നിരവധി പ്രശ്നങ്ങൾ ഉണ്ട്. ഈ ഭാഷ ഒന്നാം ഭാഷയായി തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്ക് ഉണ്ട് കുട്ടികളുടെ സാംസ്കാരിക വർദ്ധനക്ക് ആവശ്യമായ നിരവധി കാര്യങ്ങൾ ഈ ഭാഷ പഠനത്തിലൂടെ സാധ്യമാകുന്നു. ഈ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾ.

അക്കാദമികം

- ☐ UP വിഭാഗത്തിൽ ഉറുദു ഒന്നാം ഭാഷയായി തിരഞ്ഞെടുത്ത എല്ലാ കൂട്ടികൾക്കും നിർദ്ദിഷ്ട ഭാഷാശേഷി ആർജ്ജിക്കാൻ കഴിയുന്നില്ല.
- ☐ സർഗാത്മക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തമില്ല.
- ☐ എല്ലാ കുട്ടികളും സ്കോളർഷിപ്പ്, ടാലന്റ് സെർച്ച് പരീക്ഷകൾക്ക് എഴുതാൻ പ്രാപ്തി നേടുന്നില്ല.

**ഭൗതികം**

- ☐ പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ സഹായകമായ ക്ലാസ്സ് മുറി, ഇരിപ്പിട സൗകര്യങ്ങൾ എന്നിവയുടെ അഭാവം.

**സാമൂഹികം**

- ☐ വിദ്യാലയത്തിലെ ഭൗതികവും അക്കാദമികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യങ്ങൾ നിറവേറ്റുന്നതിനും സാമൂഹിക പങ്കാളിത്തത്തിന്റെ അഭാവം.

# ലക്ഷ്യങ്ങൾ

- ഉറുദുഭാഷാ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുക.
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഉറുദു ഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.
- ഉറുദു ഭാഷയിൽ വായനാശീലം വളർത്തുക.
- ഉർദു ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.
- ഉറുദു ഭാഷാ പഠനത്തിൽ IT യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള ശേഷിയും കഴിവും നേടുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഭാഷ പഠനത്തെ പ്രയോജനപ്പെടുത്തുക.
- ക്ലാസ്സിൽ കലകൾ ആസ്വദിയ്ക്കാനും അവതരിപ്പിക്കാനുമുള്ള ശേഷി നേടുക.
- ലോക ഭാഷ എന്നനിലയിൽ ഉർദു ഭാഷാ പഠനത്തിൽ താല്പര്യം വളർത്തുക.
- സ്കോളർഷിപ്പ്, ടാലന്റ് സെർച്ച് പരീക്ഷ ഉറുദു പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും എഴുതാനുള്ള കഴിവ് നേടുക.

| ലക്ഷ്യങ്ങൾ | പ്രക്രിയ | കാലയളവ് | സാമ്പത്തികം | ഡോക്യുമെന്റേഷൻ | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഉറുദു ഭാഷാ പരിപോഷണവും ഉർദുവിലൂടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കലും | **ദേഖോ എക് സവാൽ:** ആഴ്ചയിൽ ഒരു ദിവസം 10 ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു. പ്രസ്തുത ചോദ്യങ്ങൾ അടിസ്ഥാനമാക്കി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. മുഴുവൻ സ്കോർ നേടുന്ന കുട്ടിക്ക് സമ്മാനം നൽകുന്നു. ഓരോ പാദത്തിലും പ്രത്യേക മത്സരം നടത്തുന്നു. വർഷാവസാനത്തിൽ മെഗാ ഫിനാലെ നടത്തുന്നു സമ്മാനങ്ങൾ നൽകുന്നു. | ജൂൺ മാർച്ച് | ഉർദു അധ്യാപകൻ<br>പി.ടി.എ. ഫണ്ട് | പദ്ധതിയുടെ ഉദ്ഘാടനം മുതൽ ഗ്രാൻഡ് ഫിനാലെ വരെയുള്ള പരിപാടിയുടമായി ബന്ധപ്പെട്ട ഫോട്ടോ | എ സ് . ആർ.ജി<br>എച്ച്.എം. |

| പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|
| ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, വായന കാർഡുകൾ നൽകൽ | വിവിധ ദിനാചരങ്ങളിൽ | ഉർദു അധ്യാപകൻ | 1000 | എ സ് . ആർ.ജി എച്ച്.എം. |
| ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാശേഷി വളർത്തൽ, കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിന് വേണ്ടി കയ്യെഴുത്ത് മാസിക വായനാകാർഡ് നിർമ്മാണം | ജൂൺ നവംബർ | ഉർദു ടീച്ചർ | 1000 | എ സ് . ആർ.ജി എച്ച്.എം. |
| പൊതുവിജ്ഞാനം 'Sochta Bachpan' "ചിന്തിക്കുന്ന ബാല്യം" | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക | ജൂൺ - മാർച്ച് | ഉർദു ടീച്ചർ | 1000 | എ സ് . ആർ.ജി എച്ച്.എം. |
| ഉർദു ക്യാമ്പ് Qissa aur Nazm | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് കഥ, കവിത ക്യാമ്പുകൾ നടത്തുക | വർഷത്തിൽ ഒന്ന് ആഗസ്ത് 16 | ഉർദു ടീച്ചർ | 1000 | എ സ് . ആർ.ജി എച്ച്.എം. |
| ഉർദു ദിനം Boliyon Ki Rani URDU | കവി മുഹമ്മദ് ഇക്ബാൽ ജന്മദിനം, ടാലന്റ് മീറ്റ് അക്ഷരമരം, എന്റെ പതിപ്പ്, ഉർദു ദിനാഘോഷം | അതത് ദിനങ്ങളിൽ | ഉർദു ടീച്ചർ | 1000 | എ സ് . ആർ.ജി എച്ച്.എം. |
| വായന ആസ്വാദനം | വായന അസ്വാദന കുറിപ്പ്, ക്വിസ് മത്സരം, മെഗാ ക്വിസ് | ജൂൺ - മാർചച് | ഉർദു ടീച്ചർ | 1000 | എ സ് . ആർ.ജി എച്ച്.എം. |

## അക്കാദമിക മാസ്റ്റർപ്ലാൻ - വിഷൻ 2025

## കലാ - തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

### ലക്ഷ്യങ്ങൾ

കേരള പാഠ്യപദ്ധതിയുടെ ഭാഗമായി കലാ വിദ്യാഭ്യാസം മാറിക്കഴിഞ്ഞിരിക്കുന്നു. ജീവിത സാഹചര്യങ്ങളെ മാറ്റിമറിച്ച് സർഗ്ഗാത്മകമായി ഇടപെട്ട് നവീകരിച്ചുമാണ് മനുഷ്യൻ പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നത്. കേരള ചരിത്രത്തിൽ സംഘകാലം മുതൽ തന്നെ കലയുടെ സ്വാധീനം കാണാവുന്നതാണ്. കലാവിദ്യാഭ്യാസം ഒഴിച്ചുനിർത്തിക്കൊണ്ടുള്ള ഒരു വിദ്യാഭ്യാസം അചിന്ത്യമാണ്. ആധുനിക സമൂഹം വളർന്നു വന്നത് അധ്വാനം എന്ന ഉപാധിയിലൂടെയാണ്. തൊഴിലിന്റെ മഹത്വം മനസ്സിലാക്കി സ്വയം തൊഴിൽ ചെയ്യുന്നതിലൂടെ തൊഴിലിന്റെ പ്രാധാന്യം നമുക്ക് ബോധ്യപ്പെടണം.

- ☐ കലാരൂപങ്ങളെ തിരിച്ചറിയൽ
- ☐ കലാരൂപങ്ങളും അവ ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷതയെ തിരിച്ചറിയുകയും ചെയ്യുക.
- ☐ കലാ വൈവിധ്യങ്ങളെ തിരിച്ചറിയുക.
- ☐ ചുറ്റുപാടുമായി സർഗ്ഗാത്മകമായും ക്രിയാത്മകമായും സംവദിക്കാനുള്ള മാധ്യമമാക്കി കലയെ മാറ്റുക.
- ☐ ശാസ്ത്രീയ കലകൾ, സംഗീതം, നാടകം, നൃത്തം, കോൽക്കളി, മാപ്പിളപ്പാട്ട്, നാടൻപാട്ട്, ശില്പകല, ചിത്രകല, അനുഷ്ഠാന കലകൾ എന്നിവയെക്കുറിച്ചെല്ലാം അവഗാഹം നേടുക.
- ☐ കലാ ക്യാമ്പുകൾ ശില്പശാലകൾ, നാടക ക്യാമ്പുകൾ, കലാസന്ധ്യകൾ എന്നിവയിലൂടെ പ്രാദേശിക സംവാദ സദസ്സുകൾ സംഘടിപ്പിക്കുക.
- ☐ 5, 6, 7 ക്ലാസ്സുകളിൽ തൊഴിൽ പരിശീലന ശില്പശാലകൾ സംഘടിപ്പിക്കും.
- ☐ 'നാടറിയാം' പ്രാദേശിക തൊഴിൽ കേന്ദ്രങ്ങൾ സന്ദർശിക്കും.

| പ്രശ്നം | ലക്ഷ്യം | പദ്ധതി | കാലയളവ് | സാമ്പത്തികം | മോണിറ്ററിംഗ് | ചുമതല |
|---|---|---|---|---|---|---|
| ഇന്ത്യയിലെയും കേരളത്തിലെയും തനത് കലാരൂപങ്ങളെക്കുറിച്ച് അറിവില്ലായ്മ | ഇന്ത്യയിലെ വിവിധ കലാരൂപങ്ങളെ അടുത്തറിയുക, മതനിരപേക്ഷതയും, സാംസ്കാരിക വൈവിധ്യത്തെയും തിരിച്ചറിയുക. | "സർഗ്ഗ കേരളം"<br>1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ ഇന്ത്യയിലെയും കേരളത്തിലെയും കലകൾ ഐ.സി.ടി. സഹായത്തോടെ പ്രദർശിപ്പിക്കുക. | എല്ലാ വെള്ളിയാഴ്ചയും ഒരു മണിക്കൂർ | Nil | HM & PTA | SRG |
| കേരള വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്യുന്ന കലാ വിദ്യാഭ്യാസത്തിന്റെ ആശയങ്ങൾ ഉൾക്കൊണ്ട് സ്വന്തമായ നിലപാടുകൾ സ്വീകരിക്കാൻ കഴിയായ്ക | സാംസ്കാരിക അവബോധം സൃഷ്ടിക്കുക<br>ചുറ്റുപാടുമായി ക്രിയാത്മകമായി സംവദിക്കുക | 5, 6, 7 ക്ലാസ്സിലെ കലാവിദ്യാഭ്യാസവുമായി ഉൾച്ചേർന്ന് കലാക്യാമ്പുകൾ നാടക ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക | സെപ്തംബർ 20 | PTA | | |
| തൊഴിലിന്റെ മഹത്വം, പ്രാധാന്യം എന്നിവ തിരിച്ചറിയാൻ കഴിയാത്തത്. | തൊഴിലിന്റെ മഹത്വം, പ്രാധാന്യം എന്നിവ തിരിച്ചറിയൽ | 5, 6, 7 ക്ലാസ്സുകളിൽ തൊഴിൽ ശില്പശാലകൾ, നാടറിയാം - പ്രാദേശിക തൊഴിൽ കേന്ദ്രങ്ങൾ സന്ദർശിക്കുക. | ആഗസ്ത് ഒക്ടോബർ ജനുവരി | PTA | | സയൻസ്, ഗണിതം, സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

# അക്കാദമിക മാസ്റ്റർപ്ലാൻ - വിഷൻ 2025

## പ്രൈമറി വിദ്യാഭ്യാസം
## LP വിഭാഗം ക്ലാസ് തല സമീപനം STD I

ഒരു വിദ്യാർത്ഥിയുടെ പ്രാഥമിക വിദ്യാഭ്യാസം ആരംഭിക്കുന്നത് ഒന്നാം ക്ലാസ്സിൽ വച്ചാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വളർച്ചയുമാണ് നാം ലക്ഷ്യമിടുന്നത്. എല്ലാ വിഷയങ്ങളെയും ഉൾപ്പെടുത്തിയ സമഗ്രമായ ഒരു പഠനരീതിയാണ് ഉള്ളത്. അക്കാദമിക - ഭൗതിക - സാമൂഹിക ചുറ്റുപാടുകളിൽ മാറ്റങ്ങൾ വരുത്തി കുട്ടിയെ രൂപപ്പെടുത്തി എടുക്കേണ്ടത് അധ്യാപകന്റെ കടമയാണ്.

**ലക്ഷ്യങ്ങൾ**

- ☐ മാതൃഭാഷാ ഇംഗ്ലീഷ് എന്നിവയിൽ ആശയ വിനിമയം നടത്താൻ കഴിയുക.
- ☐ ഗണിതാശയങ്ങൾ ഉറപ്പിക്കുക. കുട്ടികൾക്ക് ഇഷ്ടപെടുന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുകയും സ്കൂൾ ഇടങ്ങൾ കണ്ടെത്തുകയും ചെയ്യുക. വിശ്രമ സ്ഥലങ്ങൾ ആകർഷകവും ശിശു സൗഹൃദവുമാക്കുക. ഇരിപ്പിടങ്ങൾ കളിയിടങ്ങളാക്കൽ.
- ☐ സർഗ്ഗ വേദികൾ ഉണ്ടാക്കുക. സർഗ്ഗ ചുമരുകൾ.
- ☐ ടാലെന്റ് ലാബ് എന്നിവ ഒരുക്കുക.
- ☐ എല്ലാ കുട്ടികൾക്കും വായനയും എഴുത്തും ഉറപ്പു വരുത്തുക.
- ☐ വായന പരിപോഷിപ്പിക്കുന്നതിനു സമഗ്രമായ അവസരങ്ങൾ ഒരുക്കുക.
- ☐ ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.
- ☐ ഓരോ കുട്ടിയും സദ്സിനുമുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
- ☐ ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി വിവരണം. സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

- ഓരോ കുട്ടിയും സർഗാത്മകത രചന നടത്താനുള്ള കഴിവ് നേടുക.
- സർഗത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.
- ഓരോ കുട്ടിയുടെയും തിരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

## പ്രശ്നങ്ങൾ

**അക്കാദമികം**

- അക്ഷരങ്ങൾക്ക് വേണ്ടത്ര ഊന്നൽ നൽകുന്നില്ല.
- ഓരോ കുട്ടിയുടെയും നിലവാരത്തിന് അനുസരിച്ചുള്ള വർക്ക് ഷീറ്റ് അപര്യാപ്തത.
- പൊതു വിജ്ഞാന പ്രാധാന്യം ഇല്ല.
- ചിഹ്നങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കുറവ്.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വ്യക്തിഗത ശ്രദ്ധ നൽകാൻ കഴിയായ്മ.

# അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ്സ് 1

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ☐ പൂർണ്ണ പങ്കാളിത്ത ക്ലാസ് പി.ടി.എ. | ജൂൺ | | |
| ☐ **മുന്നൊരുക്കം**<br>സന്നദ്ധതാ പ്രവർത്തനങ്ങൾ | ജൂലൈ | | |
| ☐ **വായനോത്സവവും കഥാവേളയും.**<br>വായിച്ചു കേട്ട കഥ ക്ലാസ്സിൽ ആശയ ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ഉച്ചനേരം ക്ലാസിൽ നടത്തുക. | | | |
| ☐ **വായനക്കാർഡുകൾ**<br>ഓരോ ദിവസവും പരിചയപ്പെടു ന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിഞ്ഞ് വായന. | | | |
| ☐ ചിത്ര വായന കാർഡുകൾ തയ്യാറാക്കൽ | ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | 500 |
| ☐ സംയുക്ത ഡയറി | | | |
| ☐ രചനോത്സവം | | | |
| ☐ ശില്പ ശാല | | | |
| ☐ വരികൾ<br>കൂട്ടിച്ചേർക്കൽ | | | |
| ☐ ചിഹ്നങ്ങൾ ഉറപ്പിക്കാനുള്ള കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു. | സെപ്റ്റംബർ | | |
| ☐ ലളിതമായ വായനക്കാർഡുകൾ | ഒക്ടോബർ | | |
| ☐ സംയുക്ത ഡയറി പ്രകാശനം | ഫെബ്രുവരി | | |

**സാമൂഹികം**

വീടുകളിൽ വേണ്ടത്ര പഠന സൗകര്യങ്ങൾ ഇല്ല.

## ഇംഗ്ലീഷ്

**ലക്ഷ്യങ്ങൾ**

- ☐ ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയുക.
- ☐ ഇംഗ്ലീഷിൽ താല്പര്യം ഉണ്ടാക്കുക.

**പ്രശ്നങ്ങൾ**

**അക്കാദമികം**

- ☐ ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള പ്രയാസം.
- ☐ കേൾക്കാനുള്ള അവസരങ്ങളുടെ കുറവ്.

**സാമൂഹികം**

- ☐ കുട്ടികളുടെ താല്പര്യക്കുറവും രക്ഷിതാക്കളുടെ പരിമിതമായ അറിവും കുട്ടിയെ പഠനത്തിൽ പിന്നോക്കമാക്കുന്നു.

**പ്രശ്നവിശകലനം**

- ☐ ഇംഗ്ലീഷ് കൂടുൽ കേൾക്കാനും സംസാരിക്കാനുമുള്ള അവസരങ്ങൾ ഉണ്ടായിരിക്കണം.
- ☐ സ്കൂളിൽ അതിനായി കൂടുതൽ അവസരങ്ങൾ കണ്ടെത്തുക.

## പഠനപ്രവർത്തന പദ്ധതി വിശകലനം

| പഠനപ്രവർത്തനം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് കേൾക്കാൻ | ക്ലാസ്സിൽ ഒരു ഇംഗ്ലീഷ് അസംബ്ലി, പ്രാർത്ഥന, പ്രതിജ്ഞ, പത്രവായന, ടി.വി. വാർത്ത, പ്രശസ്തരുടെ റേഡിയോ, പ്രസംഗം കേൾപ്പിക്കൽ, ഇംഗ്ലീഷ് കവിതകൾ | ജൂൺ - മാർച്ച് | അധ്യാപകർ പി.ടി.എ | |
| എഴുത്ത് | പത്രവാർത്ത, പാഠഭാഗവുമായി ബന്ധപ്പെട്ട സംഭാഷണം, ചിന്തകൾ, പോസ്റ്റർ എന്നിവ തയ്യാറാക്കൽ, വാക്യങ്ങൾ തയ്യാറാക്കൽ, ചിത്ര വിവരണം | ജൂൺ - മാർച്ച് | | |
| വായന | പത്രവാർത്ത, ലൈബ്രറി, TB വായന | | | |
| രചന | ചെറിയ കളികളിലൂടെ വാക്യങ്ങൾ ഡിക്ഷണറി നിർമ്മാണം, RIDDLES കവിത എന്നിവ എഴുതൽ | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ്സ് 1

| ലക്ഷ്യം | പ്രവർത്തനം | ചുമതല |
|---|---|---|
| കുട്ടികൾ 1 മുതൽ 20 വരെ സംഖ്യകൾ തിരിച്ചറിയുക. | സംഖ്യ കാർഡ് നിർമ്മാണം | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ |
| വസ്തുക്കളുടെ സഹായത്തോടെ ഗണിതം രസകരമാക്കുക | ഗണിത കിറ്റ് നിർമ്മാണം | |
| വലുത്, ചെറുത്, കൂടുതൽ, കുറവ് എന്നിവ തിരിച്ചറിയുക. | തുല്യമായി വീതം വെക്കൽ | |
| സംഖ്യകളെ പകുതിയാക്കാനാറിയുക. | ഗണിത കിറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനം | |
| സങ്കലന ക്രിയകൾ എളുപ്പമാക്കുക | എടുത്തുമാറ്റാം | |
| വ്യവകലന ക്രിയകൾ എളുപ്പമാക്കുക | ഉല്ലാസ ഗണിതം | |
| ആരോഹണം അവരോഹണം എന്നിവ പരിചയപ്പെടുക. | സംഖ്യാ കാർഡ് നിർമ്മാണം | |
| ഗണിതം രസകരമാണ് | ഗണിത ആൽബം | |
| ഒന്നിടവിട്ട സംഖ്യ, ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്നിവ തിരിച്ചറിയുക | ഗണിതഗാനം നിർമ്മക്കുക | |

# പ്രൈമറി വിദ്യാഭ്യാസം എൽ.പി. വിഭാഗം 2–ാം തരം

**ആമുഖം**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂൾ തലത്തിലേക്ക് എത്തുന്ന മാനുഷിക വിഭവങ്ങളെ ഉചിതമായി പ്രയോജനപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം ഓരോ അധ്യാപകനും ഉണ്ട്. ഓരോ ക്ലാസ്സിൽ നിന്നും കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ അതത് ക്ലാസ്സിൽ നിന്നും കുട്ടിക്ക് ലഭിക്കേണ്ടതാണ്. രണ്ടാം ക്ലാസ്സിലെ ഭാഷ, ഗണിതം, പരിസര പഠനം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിത്യ ജീവിതവുമായി ബന്ധപ്പെട്ടാതായിരിക്കണം. അതുകൊണ്ട് തന്നെ കുട്ടയുടെ താൽപര്യം, ആർജ്ജിത അറിവ് പരിചിതമായ അനുഭവ തലത്തിലുള്ള ആശയങ്ങൾ, പ്രമേയങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ ഉദ്ഗ്രഥിത സമീപനമാണ് ഒന്ന്, രണ്ട് ക്ലാസ്സുകളിൽ സ്വീകരിച്ചിട്ടുള്ളത്. തന്റെ ക്ലാസ്സിലെ വിദ്യാർത്ഥികളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ ക്ലാസ്സ്റൂം അന്തരീക്ഷം സൃഷ്ടിക്കേണ്ടതാണ്.

**ലക്ഷ്യങ്ങൾ**

1. കുട്ടികൾക്ക് അവരുടെ സർഗ്ഗപരവും അല്ലാത്തവയുമായ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം ഒരുക്കും.
2. പഠന നിലവാരം ഉറപ്പുവരുത്താനാവശ്യമായ പഠനോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
3. അധ്യാപനവും അധ്യായനവും സർഗ്ഗാത്മകവും, രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
4. കുട്ടികളുടെ പഠനാന്തരീക്ഷം രസകരവും ആനന്ദകരവും ആക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കൽ.

**ഭാഷാ ലക്ഷ്യങ്ങൾ**

- ☐ തന്റെയും സമുഹത്തിന്റെയും ഉന്നമനത്തിന് ശക്തമായ ഉപകരണമായി ഭാഷ ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക എന്നത് ഭാഷാ പഠനത്തിന്റെ ആത്യന്തിക ലക്ഷ്യമാണ്.
- ☐ അടിസ്ഥാനപരമായി ഭാഷ പ്രയോഗിക്കാനുള്ള ശേഷി എല്ലാ കുട്ടികളിലും വളർത്തക എന്നതാണ് ഭാഷാ പഠനത്തിന്റെ ലക്ഷ്യം.
- ☐ വായന, ലേഖനം, അവതരണം എന്നിവയിൽ എല്ലാ കുട്ടികൾക്കുമുള്ള ശേഷി വികസിപ്പിക്കുന്നതിന്
- ☐ വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ.

# പ്രശ്നങ്ങൾ

**അക്കാദമികം**

- ☐ ചിഹ്നങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ കുറവാണ്.
- ☐ സ്വതന്ത്ര രചനയിൽ അനുഭവിക്കുന്ന ബുദ്ധിമുട്ട്.

**ഭൗതികം**

- ☐ പഠനോപകരണങ്ങൾ ഐ.സി.ടി. എന്നിവ ഫലപ്രമായി ഉപയോഗിക്കുന്നില്ല.

**സാമൂഹികം**

- ☐ കുട്ടികൾക്ക് വീടുകളിൽ പത്രവായന സൗകര്യമില്ലായ്മ
- ☐ രക്ഷിതാക്കളുടെ സാക്രിയമായ ഇടപെടൽ ഇല്ലായ്മ കുട്ടികളുടെ ഭാഷാപഠനത്തെ ദോഷകരമായി ബാധിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് അവരുടെ സർഗ്ഗ പരവും അല്ലാത്തവയുമായ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരമൊരുക്കുക. | കഥയരങ്ങ്, കവിയരങ്ങ്, രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ | മാസത്തിൽ ഒരു തവണ | വിദ്യാരംഗം, കലാ സാഹിത്യ വേദി | Chalange Fund |
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കുക. | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ. | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം. പി.ടി.എ. ലൈബ്രേറിയൻ | Chalange Fund |
| വായന, ലേഖനം അവതരണം എന്നിവയിൽ എല്ലാ കുട്ടികൾക്കുമുള്ള ശേഷി വികസിപ്പിക്കുന്നതിന് | ക്ലാസ്സ്തല വിശകലനം (1-4) (രണ്ടാം ടേം മൂല്യനിർണ്ണയം, ക്ലാസ്സിലെ പ്രകടനം വേണമെങ്കിൽ ഒരു പ്രീ- ടെസ്റ്റ്) മികവുകളും പരിമിതികളും കണ്ടെത്തൽ. കണ്ടെത്തിയ പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പാക്കേജ് തയ്യാറാക്കൽ സാഹിത്യ സമാജം (2,4) വെള്ളിയാഴ്ചകളിൽ 3.05 മുതൽ 4 മണി വരെ | ജനുവരി 1 മുതൽ 5 വരെ<br><br>2, 4, വെള്ളിയാഴ്ച 3 pm 4 pm | അതത് ക്ലാസ് ടീച്ചർ, മലയാളം കൺവീനർ, എസ്.ആർ.ജി. കൺവീനർ<br><br>പ്രധാനാധ്യാപിക, മലയാളം കൺവീനർ, എസ്. ആർ. ജി. കൺവീനർ ക്ലാസ് ടീച്ചർ | Chalange Fund |

**പ്രശ്നങ്ങൾ**

**അക്കാദമികം**

- ☐ പഠനയാത്രകൾ സംഘടിപ്പിക്കുന്നതിലുള്ള വീഴ്ച
- ☐ പരിസര പഠനവുമായി ബന്ധപ്പെട്ട കൂടുതൽ പ്രവർത്തനങ്ങൾ നല്കാൻ കഴിയാത്തത്.

**ഭൗതികം**

സ്മാർട്ട് ക്ലാസ്സ്റൂമുകളുടെ ഫലപ്രദമായ ഉപയോഗം സാധ്യമാവാത്തത്.

**സാമൂഹികം**

വീടുകളിൽ അനുഭവപ്പെടുന്ന പഠന സൗകര്യക്കുറവ്

**പരിസര പഠനം - ലക്ഷ്യങ്ങൾ**

- ☐ ചുറ്റുപാടുകൾ നിരീക്ഷിക്കൽ
- ☐ ജൈവ ഉദ്യാനം
- ☐ പൊതുസ്ഥാപനങ്ങൾ തിരിച്ചറിയൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചുറ്റുപാടുകൾ നിരീക്ഷിക്കൽ | ഫീൽഡ് ട്രിപ്പ്, പഠനയാത്ര, സി.ഡി. പ്രദർശനം | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ ശാസ്ത്രക്ലബ്ബ് | പി.ടി.എ. അധ്യാപകർ |
| ജൈവ ഉദ്യാനം | ഔഷധ സസ്യ ഉദ്യാനം | ജൂൺ - മാർച്ച് | അധ്യാപകർ ശാസ്ത്രക്ലബ്ബ് | Chalange Fund |
| പൊതുസ്ഥാപനങ്ങൾ തിരിച്ചറിയൽ | ഫീൽഡ് ട്രിപ്പ് | | | |

## പ്രശ്നങ്ങൾ

**അക്കാദമികം**

- ☐ ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ പാഠപുസ്തകത്തിൽ കുറവാണ്.

**ഭൗതികം**

ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നിൽകിക്കൊണ്ട് സ്കൂളിൽ പാർക്ക് രൂപീകരിക്കൽ

**സാമൂഹികം**

രക്ഷിതാക്കളുടെ സാക്ഷരതക്കുറവ് കുട്ടികളുടെ ഗണിത പഠനത്തെ ബാധിക്കുന്നു.

**ഗണിതം - ലക്ഷ്യങ്ങൾ**

- ☐ സംഖ്യാ ബോധം
- ☐ ഗണിത ജാലകം
- ☐ ഗണിതം മധുരതരമാക്കൽ
- ☐ ഗണിതപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാബോധം | വിവിധ നിറത്തിലുള്ള മുത്തുകൾ, ഈർക്കിൾ, സ്ട്രോ, കല്ലുകൾ എന്നിവ ഉപയോഗിച്ച് പ്രവർനങ്ങൾ നൽകുന്നു. | ആദ്യ 2 മാസം എല്ലാ ദിവസവും 2 മണിക്കൂർ | ക്ലാസ്സ് ടീച്ചർ | എസ്.എസ്.എ. |
| ഗണിത ജാലകം | എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി മാത്സ് ക്വിസ്, പസിൽസ്, പാറ്റേൺസ് എന്നീ ഇനങ്ങളിൽ മത്സരം നടത്തുന്നു. മികച്ചത് കണ്ടെത്തി പ്രദർശനം സമ്മാന വിതരണം നടത്തൽ | മാസത്തിൽ ഒരിക്കൽ | ഗണിത ജാലകം കൺവീനർ | പി.ടി.എ. |
| ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു. ചോദ്യാവലി ഉണ്ടാക്കുന്നു. പ്രീ-ടെസ്റ്റ് മൂല്യനിർണ്ണയം റിസൽട്ട് രേഖപ്പെടുത്തുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നു. എസ്.ആർ.ജി.യിൽ അവതരണം. സംഖ്യാബോധം ഉറപ്പിക്കുന്നു പ്രവർത്തനങ്ങൾ കുട്ടികൾ മുൻ ക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്ത് പരിഹരിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ (ഹൃസ്വം) മെയ് | ഹെഡ് ടീച്ചർ എസ്.ആർ.ജി. കൺവീനർ ക്ലാസ്സ് ടീച്ചർ | Chalange Fund |

**ഇംഗ്ലീഷ് - ലക്ഷ്യങ്ങൾ**

- ☐ തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ.
- ☐ ഇംഗ്ലീഷ് സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ
- ☐ കളികളിലൂടെയുള്ള ഭാഷാ പഠനം
- ☐ അർത്ഥം മനസ്സിലാക്കിയുള്ള വായന

**സാമൂഹികം**

- ☐ രക്ഷിതാക്കൾക്ക് ഇംഗ്ലീഷിൽ വേണ്ടത്ര അറിവില്ലായ്മ
- ☐ വീടുകളിൽ ചെറിയ ഇംഗ്ലീഷ് പുസ്തകങ്ങളുടെ അപര്യാപ്തത.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭാവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസവും | ക്ലാസ്സ് ടീച്ചർ | Chalange Fund |
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ<br>കളികളിലൂടെയുള്ള ഭാഷാ പഠനം | സ്കിറ്റ്, കോൺവർസേഷൻ ഡ്രാമ<br>ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. പസ്സിൽ | മാസത്തിൽ ഒരിക്കൽ<br>മാസത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | |
| അർത്ഥം മനസ്സിലാക്കിയുള്ള വായന | റീഡിംഗ് കാർഡുകൾ തയ്യാറാക്കലും വായനയും | ദിവസവും | ക്ലാസ്സ് ടീച്ചർ | |

## പ്രശ്ന പരിഹരണ പദ്ധതികൾ

**ഭാഷ**

- ☐ ലൈബ്രറികൾ ഉപയോഗപ്പടുത്തി ക്ലാസ്സ് മുറികളിൽ വായനാമൂല ഒരുക്കുക.
- ☐ വായനാമൂലയിലേക്ക് കുട്ടികൾക്ക് മനസ്സിലാകുന്ന രീതിയിലുള്ള പുസ്തകങ്ങൾ ശേഖരിക്കുക. ഇതിലൂടെ വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പടാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നു.
- ☐ അടിസ്ഥാനപരമായി ഭാഷാ പ്രയോഗിക്കാനുള്ള ശേഷി വർദ്ധിപ്പിക്കാൻ ആകർഷകമായ രീതിയിൽ അക്ഷരങ്ങൾ പല വലിപ്പത്തിലും, വർണ്ണത്തിലും ക്ലാസ്മുറികളിലെ ചുമരുകളിൽ ഉൾപ്പെടുത്തുക.
- ☐ ക്ലാസ്സ്കളിൽ ഐ.സി.ടി. എന്നിവ ഫലപ്രദമായി ഉപയോഗിക്കുക.
- ☐ വീടുകളിൽ പത്രം വാങ്ങുന്നതിന്റെ പ്രാധാന്യം രക്ഷിതാക്കളെ അറിയിക്കുക.

**ഗണിതം**

- ☐ കുട്ടികളിൽ സംഖ്യാബോധം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക. (മുത്തുകൾ, ഈർക്കിൾ, സ്ട്രോ, കല്ലുകൾ)
- ☐ ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഉള്ള പാർക്ക് രൂപീകരണത്തിലൂടെ ജ്യാമിതീയരൂപങ്ങളെ കുറിച്ചുള്ള ധാരണ കുട്ടികൾക്ക് ലഭിക്കും.
- ☐ യുക്തി ചിന്തക്ക് അവസരമൊരുക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പാഠഭാഗത്ത് ഉൾപ്പടുത്തേണ്ടതാണ്.

**പരിസര പഠനം**

ഫീൽഡ് ട്രിപ്പിനുള്ള ഒരു സാഹചര്യം രക്ഷിതാക്കളും, അധ്യാപകരും ചേർന്ന് ഒരുക്കേണ്ടതാണ്. (പാഠഭഗവുമായി ബന്ധപ്പെട്ടതായിരിക്കണം.)

- ☐ സ്കൂൾ പരിസരത്ത് ജൈവ ഉദ്യാനം നിർമ്മിക്കുന്നതിലൂടെ കുട്ടികൾക്ക് ഔഷധ സസ്യങ്ങൾ മറ്റു ചെടികൾ എന്നിവ തിരിച്ചറിയൽ അവസരമൊരുക്കുന്നു.
- ☐ കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട് കൂടുതൽ അറിവുകൾ ലഭിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യാകൾ ക്ലാസ്സിൽ ഉപയോഗപ്പെടുത്തുന്നു.

**ഇംഗ്ലീഷ്**

- ☐ പാഠഭാഗത്ത് കൂടുതൽ വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ ഉൾക്കൊള്ളി ക്കുന്നതിലൂടെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ എളുപ്പമാകുന്നു.
- ☐ ഇംഗ്ലീഷിലുള്ള ചെറിയ ചിത്രകഥാ പുസ്തകങ്ങൾ നൽകുന്നതിലൂടെ കുട്ടികൾക്ക് ചെറിയ ചെറിയ സെന്റൻസുകൾ പഠിക്കാൻ സഹായകമാകും.
- ☐ സ്മാർട്ട് ക്ലാസ്സ്റൂമിന്റെ സഹായത്തടെ പാഠഭാഗത്തിന്റെ ദൃശ്യവൽക്കരണം സാധ്യമാക്കുക. ഇത് കുട്ടികൾക്ക് പാഠഭാഗം പെട്ടെന്ന് മനസ്സിലാക്കുന്നതിനും പഠനത്തോടള്ള താൽപര്യവും വർദ്ധിക്കും.
- ☐ ഇംഗ്ലീഷ് പത്രം സ്കൂളിൽ സാധ്യമാക്കുക.
- ☐ ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യത്തെ കുറിച്ച് രക്ഷിതാക്കളെ ബോധവാന്മാരാക്കുക.

# പ്രൈമറി വിദ്യാഭ്യാസം എൽ.പി. വിഭാഗം 3–ാം ക്ലാസ്സ്

മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്ക് മാതൃഭാഷ, ഗണിതം, പരിസരപഠനം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളുടെ പാഠപുസ്തക ഉള്ളടക്കവും ആശയങ്ങളും ധാരണകളും നൈപുണികളും പഠനബോധന പ്രക്രിയയിലൂടെ വിനിമയം ചെയ്യപ്പെടണം പഠനപ്രവർത്തനങ്ങൾ നിത്യജീവിതവുമായി ബന്ധപെട്ട തായിരിക്കണം.

**ലക്ഷ്യങ്ങൾ**

- അധ്യാപനവും അധ്യായനവും സർഗത്മകവും രസകരവുമാവണം.
- അക്കാദമിക മികവ് വർധിപ്പിക്കാൻ ദീർഘകാല ഹ്രസ്വകാല മധ്യകാല പ്രവർത്തനം വേണം.
- എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്ന പഠനപ്രവർത്തനം വേണം.

## പ്രശ്നങ്ങൾ

**അക്കാദമികം**

- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.
- വർക് ഷീറ്റുകളുടെ അഭാവം

**ഭൗതികം**

- ICT ഫലപ്രദമായ ഉപയോഗിക്കാൻ കഴിയുന്നില്ല.

**സാമൂഹികം**

- പിന്നോക്കാവസ്ഥയിലുള്ള കുട്ടികളാണ് ഏറിയപങ്കും.

**ഭാഷാപഠന ലക്ഷ്യങ്ങൾ**

- ആശയങ്ങളിൽ നിന്നും അക്ഷരം, പദം, വാക്യം എന്നിവയിലേക്ക് ഭാഷ ക്ലാസുകൾ മാറുന്നു.
- സ്വതന്ത്ര വായന, അർത്ഥവർത്തായ വായന സ്വതന്ത്ര ആവിഷ്കാരം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.
- എല്ലാവർക്കും എഴുത്തും വായനയും കൈവരിക്കുക.
- ആസ്വാദ്യകരമായ വായന ശീലിക്കുക.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തി എഴുത്തുകാരാക്കുക.

## പ്രശ്നവിശകലനവും പദ്ധതിയും

| പഠനപ്രവർത്തനം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഭാഷാപരമായ പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരവും ചിഹ്നവും ഉറപ്പിക്കൽ, വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കൽ. ചിത്രം അടിക്കുറിപ്പ് രചന, ചിത്രം നോക്കി കഥപറയൽ, കഥാപൂരണം, ശ്രദ്ധ മലയാള തിളക്കം. | ജൂൺ - മാർച്ച് | ലൈബ്രറി | ഇല്ല | HM & SRG |
| മികച്ച വായനക്കാരനാക്കൽ | വായനമൂല, ലൈബ്രറി, വായനോത്സവം, പത്രവായന, വായന കുറിപ്പ് തയ്യാറാക്കൽ ആസ്വാദനകരമായ വായന, അമ്മ വായന | നവംബർ | SRG | ഇല്ല | |
| സർഗാത്മകത | പുസ്തകചർച്ച വായന കുറിപ്പ് മത്സരം, ഡയറി എഴുത്ത്, ആസ്വാദന കുറിപ്പ്, സാഹിത്യകാരന്മാരുടെ ജീവിത ചരിത്രം തയ്യാറാക്കൽ | | SRG | ഇല്ല | |
| | പ്രാദേശിക എഴുത്തുകാരുമായി അഭിമുഖം | ആഗസ്ത് | SRG | | |

# ഇംഗ്ലീഷ് ഭാഷ പഠന ലക്ഷ്യങ്ങൾ

ഇംഗ്ലീഷിനോടുള്ള ഭയം മാറ്റുക. പാഠപുസ്തകത്തിന് അപ്പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കുക. ഇംഗ്ലീഷ് കഥകൾ, പാട്ടുകൾ കേൾക്കാനും, കളികളിൽ ഏർപ്പെടാനും അവസരം ഉണ്ടാവുക. സ്കൂൾ അസ്സംബ്ലി ഇംഗ്ലീഷിൽ നടത്തുക. സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയുക.

## പ്രശ്നങ്ങൾ

**അക്കാഡമികം**

- ☐ ഇംഗ്ലീഷ് ഭാഷയിലുള്ള ഭയം

**ഭൗതികം**

- ☐ ഭാഷകേൾക്കാനും വായിക്കാനും ഉള്ള അവസരക്കുറവ്

**സാമൂഹികം**

- ☐ രക്ഷിതാക്കൾക്ക് ക്രിയാത്മക പഠന പിന്തുണ നല്കാൻ കഴിയായ്മ

| Aim | Process | Time | Monitering | Agency | Expence |
|---|---|---|---|---|---|
| To speak, read and write English without any mistake | Easy English first program (dialy dictation) Story reading (daily one english story present by one person) Book reading | June - March | HM | Teacher | PTA |
| Develop creative writing | Conversation, Diary, Discriptions, Thouthts, Rhyming words, Identify the action words diary Asambly | Daily Auguest March July | HM | Teacher | PTA |
| Develop creative speaking | One sentence oneday | | HM | Teacher | |
| Develop presentation skill speaking | Class assemby | July - March | HM SRG | Teacher | |

# പരിസരപഠനലക്ഷ്യങ്ങൾ (ക്ലാസ്സ് 3)

സസ്യങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിയുക, ജീവികളുടെ സവിശേഷതകൾ തിരിച്ചറിയുക.

കൃഷിയുടെ ആഭിമുഖ്യം ഉണ്ടാക്കുക കൃഷിയെ വീടുമായി ബന്ധിപ്പിക്കുക. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുക, റോഡ് നിയമങ്ങൾ അറിയുക സ്വന്തം നാട് ദേശം, സംസ്ഥാനം സംസ്ഥാന സവിഷേതകൾ എന്നിവ അറിയുക.

## പ്രശ്നങ്ങൾ

**അക്കാദമികം**

- ☐ സമയലഭ്യതക്കുറവ്
- ☐ പരീക്ഷണങ്ങളിൽ ഏർപ്പെടാൻ അവസരം കിട്ടായ്മ.

**ഭൗതികം**

- ☐ ഐസിടി സാധ്യത ഫലപ്രഥമായി ഉപയോഗിക്കാൻ കഴിയായ്മ.

**സാമൂഹികം**

- ☐ ഫീൽഡ് ട്രിപ്പ് കൃത്യമായി നടക്കുന്നില്ല

**പ്രശ്നവിശകലനം**

- ☐ പരിസരനിരീക്ഷണത്തിനു സമയം കണ്ടെത്തണം

## പദ്ധതിവിശകലനം

| പഠനപ്രവർത്തനം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|---|
| സ്വാതന്ത്രമായ് പരീക്ഷണം ചെയ്യാനുള്ള അവസരം | ചെറിയ പരീക്ഷണങ്ങൾ ക്ലാസ് തലത്തിൽ നടത്തുക | ജൂൺ - മാർച്ച് | 1000 | PTA | HM & HRG |
| നിരീക്ഷണ മികവ് വർധിപ്പിക്കുക | സസ്യങ്ങൾ ജന്തുക്കൾ പക്ഷികൾ എന്നിവയുടെ നിരീക്ഷണകുറിപ്പ് | ജൂൺ - മാർച്ച് | 1000 | PTA | HM & HRG |
| കൃഷിയിൽ താത്പര്യം വർധിപ്പിക്കുക | സ്കൂളിലും വീട്ടിലും സ്വന്തമായ് കൃഷി | ജൂൺ - മാർച്ച് | 1000 | PTA STG | HM & HRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തൽ | കണ്ടെത്താം അറിയാം. ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പ് തയ്യാറാക്കുന്നു | ജൂൺ - ആഗസ്ത് | ക്ലാസ് ടീച്ചർ | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീടിനകത്തും<br>ശേഖരണം. പലതരം സസ്യങ്ങൾ | ഡിസംബർ വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഭൂപട വായന കേരളം | ഭൂപട രചന<br>സൂചിക നിർമ്മാണം | ആഗസ്ത് | | |

# ഗണിതം

**ലക്ഷ്യങ്ങൾ**

ഗണിതം ആസ്വാദ്യകരമാവുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക കൃത്യത സൂക്ഷ്മത എന്നിവയുടെ പ്രാധാന്യം മനസിലാക്കുന്നതിനും ഗണിതശേഷി വികസിപ്പിക്കുക.

## പ്രശ്നങ്ങൾ

**അക്കാദമികം**

- ☐ അടിസ്ഥാന ആശയങ്ങൾ ആർജിക്കാൻ കഴിയാത്തത്.

## സാമൂഹിക പ്രശ്നങ്ങൾ

പ്രായോഗിക ജീവിതത്തിൽ ഗണിതം ഉപയോഗിക്കാൻ അവസരം നിഷേധിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതിയുടെ സൗന്ദര്യം തിരിച്ചറിയുക | ഒറിഗാമി ശില്പശാല<br>ഫേബ്രിക് പെയിന്റ്<br>ഒറിഗാമി രൂപങ്ങളുടെ പ്രദർശനം | ഒക്ടോബർ | ക്ലാസ് ടീച്ചർ | പി.ടി.എ. |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | ദിവസവും ഇടവെളകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട കളികളിൽ ഏർപ്പെട്ട് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, സംഖ്യാബോധം എന്നിവ വളർത്തിയെടുക്കുക | വർഷം മുഴുവൻ<br>ജനുവരി | അധ്യാപകർ | |
| ഗണിതശേഷികളുടെ പ്രകടനം | ഗണിതോത്സവം<br>കച്ചവടം, സൃഷ്ടിക്കാം സകൂളിൽ ഗണിതലാബ്<br>ദിവസവും ഒരു പസിൽ<br>ഗണിതകേളി<br>പഠനോപകരണ ശില്പശാല | വർഷം മുഴുവൻ<br>ജനുവരി | എച്ച്.എം.<br>അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ (ക്ലാസ്സ് 4)

## ആമുഖം

പഠനം എന്നത് കുട്ടികളിൽ സ്വാഭാവികമായും നിരന്തരമായും നടക്കുന്ന ഒരു പ്രക്രിയയാണ്. പഠനം കാര്യക്ഷമമാകണമെങ്കിൽ അനുഭവങ്ങൾ ഉദ്ദേശ്യാധിഷ്ഠിതവും പഠന നേട്ടങ്ങൾ കേന്ദ്രീകരിച്ചുമാകണം കുട്ടി നേടേണ്ട ശേഷികളെയും ധാരണകളേയും സംബന്ധിച്ചു അധ്യാപന് വ്യക്തമായ അവബോധം ഉണ്ടായിരിക്കണം. ഒരു വിദ്യാലയത്തിനും അതിനു അനുയോജ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടായിരിക്കണം. കുട്ടികളിൽ ആരോഗ്യം, ശുചിത്വബോധം, പെരുമാറ്റത്തിൽ ഔചിത്യപൂർവ്വമായ മാറ്റർ എന്നിവ സൃഷ്ടിക്കാൻ വിദ്യാലയങ്ങൾക്ക് കഴിയേണ്ടതുണ്ട്. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിന് വേണ്ട പഠനാന്തരീക്ഷമുണ്ടാക്കാൻ സമുഹത്തെ കൂടി പങ്കാളികളാക്കാം.

## ഭാഷ

ലക്ഷ്യങ്ങൾ:- കേവലമായ ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സാമൂഹികവും സംസ്കാരികവുമായ ജീവിതത്തിന്റെ പ്രതിഫലനം തന്നെയാണ്. തന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിനു ശക്തമായ ഉപകരണമായ ഭാഷ ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക എന്നത് ഭാഷ പഠനത്തിന്റെ ആത്യന്തിക ലക്ഷ്യമാണ്.

1. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു. എഴുതുന്നു എന്ന് ഉറപ്പാക്കുക.

2. എല്ലാ കുട്ടികളും അവരുടെ പാഠ്യപദ്ധതിക്ക് അനുസരിച്ചുള്ള ശേഷി നേടുക എന്നുറപ്പാക്കുക.

3. സർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക.

4. ഭാഷ ശേഷി വികസനത്തിനായി ഐസിടി സാധ്യതകൾ പ്രയോജനപ്പടുത്തുക.

# പ്രശ്നങ്ങൾ

**അക്കാദമികം**

- ☐ പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന എല്ലാ ശേഷികളെയും എല്ലാ കുട്ടികൾക്കും നേടാൻ കഴിയുന്നില്ല.
- ☐ ക്ലാസ്സിൽ നിന്ന് നൽകുന്ന തുടർപ്രവർത്തനങ്ങൾ ചെയ്യാതെ വരുന്നു.
- ☐ വായന എഴുത്തു എന്നിവയിലുള്ള പ്രയാസം.

**ഭൗതികം**

- ☐ ഐസിടി ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.
- ☐ പത്രങ്ങൾ, ബാലമാസികകൾ, മറ്റു പ്രസിദ്ധീകരണങ്ങൾ എന്നിവ ശരിയായി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

**സാമൂഹികം**

- ☐ രക്ഷിതാക്കളുടെ സക്രിയ ഇടപെടലിന്റെ അഭാവം.

**പ്രശ്നവിശകലനം**

- ✓ കുട്ടികൾക്ക് വായനയിലും എഴുത്തിലും താല്പര്യം ഉണ്ടാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ കണ്ടെത്തി നൽകുക.
- ✓ വ്യത്യസ്ത നിലവാരക്കാരെ ഉൾക്കൊള്ളിക്കുന്ന തരത്തിൽ പഠനപ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തുക.
- ✓ ബാലപ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ വായിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കുക.
- ✓ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുക.

| അക്കാദമിക് മാസ്റ്റർ പ്ലാൻ Std. IV ഭാഷ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതലകൾ | സാമ്പത്തികം |
| വായനാശേഷി വളർത്തൽ | ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | | | |
| | വായിക്കാം വളരാം<br>ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| | വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം | | CPTA | |
| എഴുതാം തെളിയാം | എഴുതാം തെളിയാം | പ്രതിമാസം (വർഷം മുഴുവൻ) | SRG ക്ലാസ് ടീച്ചർ | PTA |
| | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | | | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | എഴുത്തുകാരുമായി സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | കണ്ടറിയാം...<br>കേട്ടറിയാം... | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പൽ | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | രുചിച്ചറിയാം... | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ PTA | |
| | ഭക്ഷ്യമേള- പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ | | | |
| സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ | ഓർക്കാം- അഭിമാനിക്കാം (സാഹിത്യകാരന്മാർ) | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ CPTA | |

## പഠനപ്രവർത്തന പദ്ധതി വിശകലനം

| പഠനപ്രവർത്തനം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|
| അർത്ഥപൂർണ മായ വായന, എഴുത്തു | ● അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവക്ക് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ.<br>● പത്രവാർത്ത, എഴുതാൻ, വായിക്കൽ<br>● ലൈബ്രറി പുസ്തകം വായിച്ച് നോട്ടഴുതൽ<br>● പഠനപിന്നോക്കാവസ്ഥയി ലുള്ള കുട്ടികൾക്ക് ക്ലാസു കൾ.<br>● പ്രത്യേക പരിഗണന | ജൂൺ - ജൂലൈ | | പത്രങ്ങൾ ക്ലാസ് ലൈബ്രറി SRG |
| പാഠ്യപദ്ധതിക്ക് അനുസരിച്ചുള്ള ശേഷി നേടി എന്നുറപ്പിക്കൽ | ● ക്ലാസ്സ് പതിപ്പുകൾ തയ്യാറാ ക്കൽ, കവിതക്ക് ഈണം നൽകൽ.<br>● ആസ്വാദനകുറിപ്പ് തയ്യാറാ ക്കൽ<br>● പാഠഭാഗം വായിച്ചു ചോദ്യങ്ങ ൾക്ക് ഉത്തരം കണ്ടെത്തൽ. | ജൂൺ - മാർച്ച് | | CPTA |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരി ക്കുന്നു | ● പത്രവാർത്ത നോട്ടീസ് വിവരണം, സംഭാഷണം എന്നിവ തയ്യാറാക്കൽ.<br>● താരതമ്യകുറിപ്പ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | | CPTA<br>SRG |
| സർഗാത്മകത | ● ക്ലാസ് ലൈബ്രറി<br>● ആസ്വാദനകുറിപ്പ്<br>● ഡയറി എഴുത്ത്<br>● സാഹിത്യം സമാജം<br>● കവിത-കഥ-പൂരണം | ജൂൺ - മാർച്ച് | | Library |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യു മെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം | 3 മാസം കൂടുമ്പോൾ | SRG ക്ലാസ് ടീച്ചർ | PTA |
| | കലക്കൂട്ട് | വർഷത്തിലൊന്ന് | HM, SRG, CPTA ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറി യിലേക്ക് | | | |
| | ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ / പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണ ങ്ങൾ, ചമയങ്ങൾ, പ്രദർശനം) | വർഷത്തിലൊരിക്കൽ | SRG, CPTA ക്ലാസ് ടീച്ചർ | PTA |
| | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | | HM | |

## പ്രൈമറി വിദ്യാഭ്യാസം എൽ.പി. ഇംഗ്ലീഷ് 4-ാം തരം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| ഇംഗ്ലീഷ് അക്ഷരങ്ങളും വാക്കുകളും അറിയാത്തവരെ കണ്ടെത്തൽ | പ്രി ടെസ്റ്റ് (Picture Description-words Letters) എന്നിവ കണ്ടെത്ത് എഴുതൽ ICT സാധ്യത ഉപയോഗപ്പെടുത്തൽ അക്ഷരകാർഡുകൾ, പദകാർഡുകൾ സെന്റൻസ് കാർഡ് ഉപയോഗം. | ജൂൺ - ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ എസ്.ആർ.ജി. | ക്ലാസ്സ് ടീച്ചർ എസ്ആർജി | 1000 |
| മികച്ച വായനക്കാരാക്കുന്നതിന് | റീഡിംഗ് കാർഡ്സ് വലിയ അക്ഷരത്തിൽ എഴുതിയ ചെറിയ കഥാബുക്കുകൾ ഉപയോഗിച്ച് വായിക്കൽ, പസിൽസ് | ആഗസ്റ്റ് - മാർച്ച് | പി.ടി.എ. ക്ലാസ്സ് ടീച്ചർ എസ്.ആർ.ജി. | ക്ലാസ്സ് ടീച്ചർ എസ്ആർജി | 1000 |
| എഴുത്ത് പ്രോത്സാഹിപ്പിക്കുന്നതിന് | Picture discription, Picture stories, word webs വസ്തുക്കൾ കാണിച്ച് സവിശേഷതകൾ എഴുതൽ | ജൂൺ-മാർച്ച് | പി.ടി.എ. ക്ലാസ്സ് ടീച്ചർ എസ്.ആർ.ജി. | ക്ലാസ്സ് ടീച്ചർ എസ്ആർജി | 1000 |

| | | | |
|---|---|---|---|
| | Role-play, skit conversation English camp Communication camp | June - March | HM<br>Class Teacher<br>SRG |
| ഭാഷണത്തിലേർപ്പെടുന്നതിന് | Book introduction<br>English assembly<br>English theatre<br>Days celebrations<br>Speech about leaders | June - March | HM<br>Class Teacher<br>SRG |
| Reading fluently | ♦ Class Library<br>♦ Reading and compatition<br>♦ Reading campus<br>♦ Magazines | Jan.<br>Daily<br>Ones in a month | Class teacher |
| To speak english fluently | ♦ Daily assambly<br>♦ English diary<br>♦ Conversation<br>♦ Skit<br>♦ Story telling<br>♦ Sergga vala | Daily | Class teacher |

## പരിസര പഠനം എൽ.പി.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭൂമിശാസ്ത്രപരമായ സവിശേഷതകൾ അറിയുന്നതിന് | ഫീൽഡ് ട്രിപ്പ് ഐ.സി.ടി. സാധ്യതകൾ | ജൂൺ | പി.ടി.എ. ക്ലാസ്സ് ടീച്ചർ |
| തൊഴിലുകൾ അറിയുന്നതിന് | ഐ.സി.ടി. സാധ്യതകൾ വിവരശേഖരണം പട്ടികപ്പെടുത്തൽ തൊഴിലുപകരണ പ്രദർശനം | ജൂലൈ ആഗസ്റ്റ് | എസ്.ആർ.ജി. ക്ലാസ്സ് ടീച്ചർ സയൻസ് ക്ലബ്ബ് |
| പൊതുസ്ഥാപനങ്ങൾ പൊതു ഇടങ്ങൾ അറിയുന്നതിന് | ഫീൽഡ് ഐ.സി.ടി. സാധ്യതകൾ | സെപ്തംബർ ഒക്ടോബർ | എസ്.ആർ.ജി. ക്ലാസ്സ് ടീച്ചർ, പി.ടി.എ. |
| പാർപ്പിടവും വസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയുന്നതിന് | ഫീൽഡ് ട്രിപ്പ്, പടനയാത്ര, വാസസ്ഥലനിരീക്ഷണം | നവംബർ ഡിസംബർ | പി.ടി.എ., എസ്.ആർ.ജി. |
| ആരോഗ്യം-പരിസര ശുചിത്വം വ്യക്തിശുചിത്വം അറിയുന്നതിന്<br><br>ചുറ്റുപാടുമുള്ള ജീവജാലങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുന്നതിന് | അനുഭവങ്ങൾ പങ്കുവെക്കൽ ആരോഗ്യശുചിത്വബോധവൽക്കരണ ക്ലാസ്സ്<br><br>ഐ.സി.ടി. സാധ്യതകൾ നിരീക്ഷണം, ഫീൽഡ് ട്രിപ്പ് റഫറൻസ് ഗ്രന്ഥങ്ങൾ | നവംബർ ഡിസംബർ | പി.ടി.എ. ക്ലാസ്സ് ടീച്ചർ |
| ചരിത്രസംബന്ധമായ അവബോധം വളർത്തുന്നതിന് | വാർത്താകൊളാഷുകളുടെ നിർമ്മാണം ഐ.സി.ടി. സാധ്യതകൾ, അഭിമുഖം, ചാർട്ട നിർമ്മാണം | ജനുവരി | |
| കലകളെ കറിച്ച് അറിയുന്നതിന് | റഫൻസ് ഗ്രന്ഥങ്ങൾ, കലാരൂപങ്ങൾ പട്ടികപ്പെടുത്തൽ വീഡിയോ, ആൽബം നിർമ്മാണം, ഐ.സി.ടി. സാധ്യതകൾ | ഫെബ്രുവരി | |
| പ്രകൃതി പ്രതിഭാസങ്ങൾ അറിയുന്നതിന് | ലഘുപരീക്ഷണം വാനനിരീക്ഷണം ഐ.സി.ടി. സാധ്യതകൾ | ഫെബ്രുവരി മാർച്ച് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗണിതം - ക്ലാസ്സ് 4

| പഠനപ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ക്ലാസ്സ് ടീച്ചർ | ജൂൺ - മാർച്ച് |
| ഗണിത ചിന്താശേഷി വളർത്തൽ<br>ഗണിതകളികൾ | ക്ലാസ്സ് ടീച്ചർ | ജൂൺ - മാർച്ച് |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം | ക്ലാസ്സ് ടീച്ചർ | ഡിസംബർ |
| പസിൽ പാറ്റേൺ ക്ലാസ്സ് റൂം പ്രദർശനം | ക്ലാസ്സ് ടീച്ചർ | ആഗസ്ത് |
| ഗണിത ചുമർ | എസ്.ആർ.ജി.<br>ക്ലാസ്സ് ടീച്ചർ | ജൂൺ - മാർച്ച് |
| ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കൽ | ക്ലാസ്സ് ടീച്ചർ | ജനുവരി |
| ഗണിതമേള<br>ഗണിതശേഷികളുടെ പ്രകടനം | എസ്.ആർ.ജി. | സെപ്തംബർ |

# അക്കാദമിക മാസ്റ്റർപ്ലാൻ അറബിക് എൽ.പി. & യു.പി.

കുട്ടികൾക്ക് ലിസണിംഗ്, സ്പീക്കിംഗ്, റീഡിംഗ്, റൈറ്റിംഗ് എന്നീ നാല് ഭാഷാ ശേഷികളിൽ പ്രഥമികവും ലളിതവുമായ അടിത്തറ ഉണ്ടാക്കാൻ കുട്ടികൾക്ക് ആവശ്യമായ ആസൂത്രണങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവ പരിഹരിക്കാനുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം, ഭാഷാ പഠനത്തിൽ ആർജിതശേഷി കൈവരിക്കുന്നതിനും അറബി ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികളുടെ ആസൂത്രണം എന്നിവ ഈ മാസ്റ്റർപ്ലാൻ ഊന്നൽ നൽകുന്നു.

| കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **അറബിക് മധുരം** ലക്ഷ്യം : അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കാനുള്ള പരിപാടി | എഴുത്ത്, വായന ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയം അറബിക് മധുരം ക്ലാസ്സ് നൽകുന്നു. | 4 മാസം | പുസ്തകങ്ങൾ, റീഡിങ്ങ് കാർഡുകൾ, അക്ഷര കാർഡുകൾ | എസ്.ആർ. ജി., അറബിക് ക്ലബ്ബ് |
| **ലക്ഷ്യം :** കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ, നല്ല വായനക്കാരാക്കുക. (വായനാ ലോകം) | തെരെഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരണം. പുസ്തകങ്ങൾ: ചിത്രകഥ, അറബിക്ക്, കുട്ടികഥകൾ, (അറബിക്) | 6 മാസം | സ്കൾ ലൈബ്രറി, അറബിക് ക്ലബ് | ഓരോ കുട്ടി ഒരു ബുക്ക് വീതം സംഭാവന ചെയ്യൽ |
| അറബിക് ഫെസ്റ്റ് | അറബി ഭാഷദിനത്തിൽ (അറബിക് ഡേ) കാര്യപരിപാടി: ഉദ്ഘാടനം, സമ്മാനദാനം, മികച്ച കുട്ടികളെ ആദരിക്കൽ അറബിക് ഡോക്യുമെന്ററി പ്രദർശ നം, അറബിക് എക്സിബി ഷൻ. | ഡിസംബർ മാസം | സ്കൂൾ ഹാൾ | |
| Arabic Assembli | മാസത്തിൽ ഒരു അറ ബിക് അസ്സംബ്ലി സംഘടിപ്പിക്കുന്നു. ചെറിയ വാർത്തകൾ അറബിയിൽ വായിക്കുന്നു. പുസ്തക പരിചയം | 1 Year | | |
| എഴുത്തിന്റെ ലോകം | ക്ലാസ് മാഗസിൻ നിർമ്മാണം. ചുമർപത്രിക നിർമ്മാണം | ഒരു വർഷം | ചാർട്ട്, കളർ, എ ഫോർ | അധ്യാപകർ അറബി ക്ലബ്ബ് |

# ഉപസംഹാരം

പേരാമ്പ്ര വെസ്റ്റ് എ.യു.പി. സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ ഇതോടൊപ്പം സമർപ്പിക്കുന്നു. ഓരോ കുട്ടിയുടെയും സമഗ്രമായ വികാസമാണ് ഇതിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നത്. സ്കൂളിനെ ഈ പ്രദേശത്തിന്റെ സാമൂഹിക കേന്ദ്രമായിമാറ്റാൻ ഈ പദ്ധതികൾ സഹായിക്കുന്നുമെന്നു ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. സമൂലമായ മാറ്റത്തിന് ഏവരുടെയും സഹായങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കുന്നു.

*പി.ടി.എ/എം.പി.ടി.എ.*
വികാസ് എ.എം., ഷബ്ന റഷീദ്

*ഹെഡ്മിസ്ട്രസ് & സ്റ്റാഫ്*
ശ്രീജ എസ്. ചെരിയാല


PERAMBRA WEST A U P SCHOOL
JUNE@QUIZE@LP
Congratulations